Vol 19. No. 6.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

June, 1921.

# വിഷയ വിവരണിക.

പേജ്.


1. തിരുഹൃദയ പൊതുനിയോഗം. 119

2. മംഗളം— ശ്രീമാൻ തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള. 120

3. തിരുഹൃദയ ഭക്തിയുടെ ഉദ്ദേശം. 121

റവ. ഫാദർ സൈമൺ സി. ഡി.

4. തിരുനാൾ സുവിശേഷം. 123

5. മതവിശ്വാസം. 124

ദിവ്യശ്രീ നടുവത്തുശ്ശേരിൽ യാക്കോബു കത്തനാർ.

6. 'ഒരു വിലതീരാത്ത രത്നം' അഥവാ തിരുഹൃദയ പ്രതിഷ്ഠ. 126

ശ്രീമാൻ പൊന്നാമറ്റത്തിൽ യൌസേപ്പു മാപ്പിള.

7. സുഭാഷിതങ്ങൾ. (പദ്യം) 128

റവ. ഫാദർ എമ്മാനുവേൽ സി. ഡി.

8. ദൈവജനനിയുടെ പുണ്യപരിപൂർണ്ണത. 129

റവ. ഫാദർ ജോസഫ് തറയിൽ കുന്നംകുളം.

9. സുഭാഷിതഗ്രന്ഥാഭിപ്രായം. (പദ്യം) 132

ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

10. അശൌചം അഥവാ ദൈവത്തിന്റെ വഴികൾ. 132

ദിവ്യശ്രീ മററത്തിൽ കുഞ്ഞൻ കത്തനാർ.

11. കത്തോലിക്കാ സാഹിത്യ പ്രചാരമാർഗ്ഗങ്ങൾ. 135

ശ്രീമാൻ കെ. ഏ. പോൾ (സ. നാ.)

12. കർമ്മേലനാഥയുടെ കുഞ്ഞുമക്കൾക്ക് 137

സ്വന്തം കൊച്ചച്ചൻ.

13. കാനായിലെ കല്യാണവിരുന്ന്. നമ്മുടെ യുവകവികൾ. 139

14. കുറിപ്പുകളും വർത്തമാനങ്ങളും. 140

15. പഞ്ചാംഗം. പരസ്യങ്ങൾ.



## ഒരു പുതിയ പുസ്തകം.

### സോളമോന്റെ സുഭാഷിതങ്ങൾ.

വിശുദ്ധ ഗ്രന്ഥത്തിൽനിന്നു തെരഞ്ഞെടുത്തു മിക്കവാറും അനുപദമായി ലളിതഭാഷയിൽ എഴുതീട്ടുള്ള ൩൦൦ ശ്ലോകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. സകലരും, പ്രത്യേകം ബാലന്മാരും ഹൃദിസ്ഥമാക്കേണ്ട സന്മാർഗ്ഗതത്വങ്ങൾ ഇതിൽ ധാരാളം കാണാവുന്നതാണ്. വില ണ.ന. (ചക്രം ൭൯.) പത്തു പുസ്തകം ഒന്നായി വാങ്ങുന്നവർക്ക് ഒരു പുസ്തകം കമ്മീഷൻ നൽകപ്പെടും.

അപേക്ഷിക്കേണ്ടും മേൽവിലാസം:— മാനേജർ,

സെൻറ് ജോസെഫ്സ് പ്രസ്സ്, മാന്നാനം.

# മിഥുനമാസത്തിലെ തിരുഹൃദയ പൊതുനിയോഗം.

"കൊളംബിയർഗുരുവിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുക"

തിരുഹൃദയഭക്തിയുടെ പ്രേഷിതയായ മർഗ്ഗരീത്താ അൽക്കോക്ക്, ജപഅപ്പസ്തോലാത്തുസ് സഭക്കാരുടെ ഏകീകരിച്ചുള്ള പ്രാർത്ഥനമൂലം വിശുദ്ധ എന്ന നാമകരണം ചെയ്യപ്പെട്ടുവെന്നുള്ളതു് അടുത്തകാലത്തു സംഭവിച്ചതും പ്രസ്തുത സഭക്കാർക്കു ചാരിതാർത്ഥ്യജനകവുമായ ഒരു സംഗതിയാണു്. എന്നാൽ ഇതുകൊണ്ടു നമുക്കു തൃപ്തിപ്പെടുവാൻ പാടില്ലാതാണിരിക്കുന്നതു്. എന്തെന്നാൽ ഈ വിശുദ്ധയോടൊരുമിച്ചു തിരുഹൃദയഭക്തിയുടെ പ്രേഷകത്വം നമ്മുടെ കർത്താവിൽനിന്നു സ്വീകരിക്കയും, ആ ജോലിയെ അനവധി കഷ്ടപ്പാടുകൾ സഹിച്ചു നിർവ്വഹിക്കയും ചെയ്തു ക്ലാവുദിയൊസ് കൊളംബിയർ എന്ന ദേഹത്തിനു് ഇനിയും ഈ ഭാഗ്യം സിദ്ധിച്ചിട്ടില്ല. ആകയാൽ ഈ വന്ദ്യൻ 'വിശുദ്ധൻ' എന്നു വിളിക്കപ്പെടുന്നതിന്നായി പ്രാർത്ഥിക്കണമെന്നത്രെ ഈ മാസത്തിൽ പരിശുദ്ധ പിതാവു് നമ്മോടാവശ്യപ്പെട്ടിരിക്കുന്നതു്. ഈ തിരുഹൃദയദാസന്റെ സ്തുതിക്കായി നാം ചെയ്യുന്ന പ്രാർത്ഥന, ഈ മാസത്തിന്നു് ഏററം യോജിക്കുന്നതും തിരുഹൃദയത്തിന്നു് അത്യധികം പ്രസാദിക്കുന്നതുമായ കാര്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ നിയോഗലബ്ധിക്കായി പ്രാർത്ഥിക്കുന്നതിന്നു നമ്മെ പ്രേരിപ്പിക്കുന്ന ന്യായങ്ങൾ പലതുണ്ടു്. ആദ്യമായിട്ടുള്ളതു് ഈ വന്ദ്യപുരോഹിതൻ 'വിശുദ്ധൻ' എന്ന നാമകരണം ചെയ്യപ്പെടുന്നപക്ഷം യുദ്ധത്തിലിരിക്കുന്ന ഭൂമിയിലെ സഭയിൽ അവിടത്തെ പുണ്യയോഗ്യതകൾ അറിയപ്പെടുകയും തൻമൂലം സത്യവിശ്വാസികൾക്കു തിരുഹൃദയ ഭക്തിയിൽ കൂടുതൽ ധൈര്യവും സ്ഥിരോത്സാഹവും ജനിക്കയും ചെയ്യുമെന്നുള്ളതാണു്. കേവലം ബലഹീനരായ മനുഷ്യർ ദൈവവരപ്രസാദത്തിന്റെ പ്രേരണയാലും സഹായത്താലും എത്രമാത്രം പുണ്യപൂർണ്ണരും പരിശുദ്ധരുമായിത്തീരുന്നുവെന്നതു് നവീനമായ വേറൊരു ദൃഷ്ടാന്തം കൊണ്ടുകൂടെയും നമുക്കു ഗ്രഹിക്കുന്നതിന്നു് ഇടയാകുമെന്നുള്ളതാണു് ഈ ദേഹത്തിന്റെ നാമകരണത്തിൽനിന്നു നമുക്കു ലഭിക്കാവുന്ന വേറൊരു നന്മ. ഈ പൂജ്യനു ഇപ്രകാരം പരിശുദ്ധ പദവി സിദ്ധിക്കുന്നതു് നമുക്കു് ഉപകാരപ്രദമെന്നു തന്നെയല്ല, തിരുസഭയ്ക്കു് അഭിമാനകരവുമാണു്. എന്തെന്നാൽ പരിശുദ്ധത എന്നതു മ്ശിഹാ സ്ഥാപിച്ച സത്യസഭയ്ക്കു് അവശ്യം വേണ്ടതായ നാലു ലക്ഷണങ്ങളിൽ ഒന്നാണല്ലൊ. മോക്ഷപ്രാപ്തരാകുന്ന തിരുസഭാംഗങ്ങളിലെല്ലാവരിലും പരിശുദ്ധത ഏറെക്കുറെ ഉണ്ടെന്നിരുന്നാലും വിശുദ്ധന്മാരിൽ അതു് സർവ്വോപരി വിളങ്ങുന്നു. ഏതല്ലാകാലപര്യന്തം തിരുസഭയിൽ ഉണ്ടായിട്ടുള്ള പരിശുദ്ധന്മാരുടെ ആ മഹാ സൈന്യം കത്തോലിക്കാസഭയുടെ പരിശുദ്ധതയെ വിളിച്ചു പറയുന്നു. വന്ദ്യ കൊളംബിയർ ഗുരു വിശുദ്ധനെന്നു പേരു വിളിക്കപ്പെടുന്നപക്ഷം, ആ മഹാത്മാവു് വഴിയായിട്ടുകൂടെയും തിരുസഭയുടെ പരിശുദ്ധത വെളിപ്പെടുന്നതാണ്. ഈ കാര്യസാദ്ധ്യത്തിന്നായി തിരുഹൃദയഭക്തർ പ്രാർത്ഥിക്കണമെന്നുള്ളതിന്നു വേറൊരു ന്യായമെന്തെന്നാൽ, ഈ വന്ദ്യഗുരു തിരുഹൃദയഭക്തിയുടെ വെളിപാടു സ്വീകരിച്ചവരിൽ ഒരാളായിരുന്നുവെന്നതാണു്. വി. അൽക്കോക്കിന്നു് ന. കർത്താവു കാണപ്പെട്ടു് തിരുഹൃദയത്തിരുനാൾ സ്ഥാപിക്കണമെന്നു കല്പിച്ച ആ ദർശനത്തിൽ ഉണ്ടായവ സകലവും കൊളംബിയർ ഗുരുവിനെ അറിയിക്കണമെന്നും അവിടത്തെ ആലോചന പോലെ എല്ലാം നിറവേററണമെന്നും പുണ്യവതിയോടു താൻ കല്പിച്ചിരുന്നു. ആകയാൽ കർത്താവുതന്നെ ഈ മഹാത്മാവിനെ തിരുഹൃദയഭക്തിയുടെ പ്രേഷിതനായി നിയമിച്ചതുപോലെ ആയി. ദൈവേഷ്ടത്തെ അറിഞ്ഞു് ഇദ്ദേഹം തിരുഹൃദയ ഭക്തി ഫ്രാൻസിലും ഇംഗ്ലണ്ടിലും പരത്തുന്നതിന്നു അത്യന്തം ഉത്സാഹിച്ചു് സാധിക്കയുണ്ടായി. തിരുഹൃദയഭക്തിയുടെ പ്രചരണത്തിലും അഭ്യാസത്തിലും വി. അൽക്കോക്കിനോടുകൂടി സഹകരിച്ച ഈ വന്ദ്യൻ പരിശുദ്ധനെന്നു താമസംവിനാ നാമകരണം ചെയ്യപ്പെട്ടു കാണുന്നതിന്നു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു അപേക്ഷിപ്പാറാകണം.

കർക്കടകമാസം— "മ്ശിഹായുടെ സാമുദായികഭരണം."



നരകുല പരിരക്ഷാകാംക്ഷയാൽ ക്രൂശിൽ ഹാ ഹാ!,
ചരമമടയുവാനും നിശ്ചയിച്ചോരു നാഥാ!
ധരയിലഖിലരും നിൻ സ്നേഹസംപൂർണ്ണമാകും
വരഹൃദയമറിഞ്ഞാരാധനം ചെയ്തിടട്ടെ!,

തെങ്ങുംമൂട്ടിൽ വറുഗീസു മാപ്പിള.

# കർമ്മലകുസുമം.

പുസ്തകം ൧൯. ൧൯൨൧ ജൂൺ. ലക്കം ൩.


## തിരുഹൃദയഭക്തിയുടെ ഉദ്ദേശം.

ക്രിസ്ത്വാബ്ദം പതിമ്മൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന മഹാ പുണ്യവതിയായ വി. ജെൎത്രൂദ് എന്ന കന്യകയ്ക്കു യോഹന്നാൻ ഏവൻഗേലീസ്തായുടെ ഒരു തിരുനാൾ ദിവസത്തിൽ ദിവ്യരക്ഷനാഥൻ പ്രത്യക്ഷനാകയും, തന്റെ സ്നേഹം നിറഞ്ഞ വക്ഷഃപ്രദേശത്തു അവളുടെ ശിരസ്സു അടുപ്പിച്ചുകൊണ്ടു അതിൽ ജ്വലിക്കുന്ന സ്നേഹാഗ്നിജ്വാലകളെ ആസ്വദിക്കുന്നതിനു താൻ ആ പുണ്യവതിക്കു അനുമതി നൽകുകയും ചെയ്തു. തിരുഹൃദയസ്നേഹത്തിന്റെ ആശ്ചൎയ്യകരഇളക്കങ്ങളെ സ്പൎശിക്കയിൽ ആനന്ദപരവശയായ ആ കന്യക, അപ്പോൾ അവിടെ ആഗതനായ വി. യോഹന്നാനോടു, ഒടുക്കത്തെ അത്താഴത്തിന്റെ അവസരത്തിൽ ആ പരിശുദ്ധ മാറിൽ തല ചായിച്ചിരുന്നപ്പോൾ ഇതുകളെ വി. സുവിശേഷകനും ഗ്രഹിക്കയുണ്ടായില്ലയോ. എന്നും, ഇതേപ്പററി വിശുദ്ധ ലിഖിതത്തിൽ യാതൊന്നും എഴുതാഞ്ഞതു എന്തുകൊണ്ടാണെന്നും ചോദിച്ചതിനു ശ്ലീഹാ ഇങ്ങനെയാണു ഉത്തരം പറഞ്ഞതു്: "ലോകം മന്ദീഭവിച്ചു, അതിന്റെ സ്നേഹത്തെ ഉജ്വലിപ്പിക്കേണ്ട ആവശ്യം നേരിടുന്ന ഭവിഷ്യൽ കാലങ്ങളിലേക്കായി ഈ വെളിപാടു നീക്കിവച്ചിരിക്കയാകുന്നു." (Revelationes Gertrudianae.)

ഇതാ തിരുഹൃദയ ഭക്തിയുടെ ഉദ്ദേശം. ഇതാ ദൈവസ്നേഹവിഷയത്തിൽ അധോഗതിയിലിരിക്കുന്ന ലോകത്തിന്റെ പുനരുദ്ധാരണത്തിന്നായി ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാൎഗ്ഗം. ക്രിസ്തീയസഭയുടെ ആരംഭകാലം മുതൽക്കുതന്നെ തിരുഹൃദയഭക്തിയും ലോകത്തിൽ ഉത്ഭവിച്ചിട്ടുള്ളതാണ്. എങ്കിലും അസാമാന്യഭക്തരായ തെരഞ്ഞെടുക്കപ്പെട്ട ഓരോ ആത്മാക്കൾക്കായിട്ടുള്ള ഒളിക്കപ്പെട്ട ഒരു ഭക്ത്യാഭ്യാസമായി അതു ശേഷിച്ചിരുന്നതേയുള്ളു. ഒരു വി. യോഹന്നാനോ വി. പൌലോസോ; വി. ജെൎത്രൂദോ, വി. മെക്ത്തിൽദായോ, ആവിലാ യോഹന്നാനോ, ഫ്രാംസീസ്സ്കോസ് സലേസോ, എല്ലാ യുഗങ്ങളിലും ഉണ്ടായിട്ടുണ്ട്. എങ്കിലും ലോകത്തിന്റെ ആത്മീയ തണുപ്പിനെ നിവാരണം ചെയ്യുന്നതിനു ഈ മഹാ വലിയ തീച്ചൂള തുറക്കേണ്ട ആവശ്യം നേരിടാഞ്ഞതിനാൽ പതിനേഴാം നൂററാണ്ടുവരെ തിരുസഭയ്ക്കു പൊതുവേ ഇതു വെളിപ്പെടുത്തപ്പെടുകയുണ്ടായില്ല.

അനന്തരം ലോകത്തിന്റെ വാൎദ്ധക്യം അധികരിച്ചു; വിശ്വാസം മങ്ങിത്തുടങ്ങി; സ്നേഹാഗ്നി കെട്ടുപോകാറായി. നിത്യബോധജ്ഞാനമായ ദൈവം അനാദിമുതൽ തയ്യാറാക്കി വച്ചിരുന്ന ആ പ്രത്യൌഷധം അപ്പോഴാണു അവിടുന്നു ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തിയതു്. പ്രാൻസിൽ പാറെലെമോനിയൽ എന്ന കന്യകാമഠത്തിലെ, മറിയം മൎഗ്ഗരീത്താ അൽക്കോക്ക് എന്നു പേരായ ബലഹീനയായ ഒരു കന്യക വഴിയായി ഈ മഹ

നീയവേല നിർവ്വഹിക്കുന്നതിനു അവിടുന്നു തിരുച്ചിത്തമായി. ദിവ്യരക്ഷകൻ പലപ്പോഴായി അവൾക്കു കാണപ്പെട്ട് തന്റെ ദിവ്യഹൃദയ പരമരഹസ്യങ്ങളെ അവൾക്കു വെളിപ്പെടുത്തി. ൧൬൭൫ ജൂൺ ൧൬-ാനു- വിശുദ്ധ കുർബാനയുടെ തിരുനാളിന്റെ എട്ടാമിടത്തിൽ അവൾക്കു ദർശനമായി അരുളിച്ചെയ്തതായത്, "ഇതാ മകളേ! മനുഷ്യരെ അത്യധികമായി സ്നേഹിക്കുന്ന ഹൃദയം. ഞാൻ അവരുടെ നേരെ കാണിക്കുന്ന നന്ദിക്കു അവരിൽ അധിക ഭാഗത്തിൽ നിന്നും നന്ദിഹീനതയാണു പകരം കിട്ടുന്നത്." പ്രസ്തുത നന്ദികേടുകളെ പരിഹരിക്കുന്നതിനായി തിരുഹൃദയത്തിരുനാൾ സ്ഥാപിക്കുന്നതിന്നു അരുളപ്പാടുണ്ടായതും ആ ദിവസംതന്നേയാകുന്നു. പാവപ്പെട്ട ആ കന്യക ഈ വെളിപാടുകൾ നിമിത്തം എത്ര കഷ്ടപ്പാടുകൾ അനുഭവിച്ചു എന്നു പറഞ്ഞറിയിക്കാവുന്നതല്ല. ഇതുകൾ വഴിയായി അവളുടെ സ്നേഹമണവാളൻ അവളെ പുണ്യത്തിന്റെ അത്യുന്നത ശിഖരത്തിലേക്കു കയററിയതോടുകൂടെ, തന്റെ തിരുഹൃദയ ഭക്തിയും ക്രമേണ ലോകമെങ്ങും വ്യാപിപ്പിച്ചു. ൧൬൯൦ ഒക്ടോബർ ൧൭-ാനു- ഈ ഭാഗ്യപ്പെട്ട കന്യക മരിക്കുമ്പോൾ തിരുഹൃദയഭക്തിക്കു കത്തോലിക്കലോകമൊക്കെയിലും ഏറക്കുറെ പ്രചാരം സിദ്ധിച്ചിരുന്നു. എങ്കിലും പരിശുദ്ധ സിംഹാസനം ഏതാദൃശകാൎയ്യങ്ങളിൽ ഒരിക്കലും ധൃതഗതിയായി പ്രവൎത്തിക്കയില്ലെന്നുള്ള പതിവനുസരിച്ചു തിരുഹൃദയത്തിരുനാൾ സഭയൊട്ടുക്കുള്ള ഒരു തിരുനാളായി അംഗീകരിക്കപ്പെടുന്നതിന്നു പിന്നെയും വളരെനാൾ വേണ്ടിവന്നു. ഒൻപതാം പീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ൧൮൫൬-ൽ മാത്രമാണു തിരുഹൃദയത്തിരുനാൾ ഇപ്രകാരം ഉയൎത്തിയതു്. ൧൮൮൯-ൽ ഇതു ൧-ാം തരം തിരുനാളുകളുടെ ശേഖരത്തിൽ ചേൎക്കപ്പെടുകയും ചെയ്തു. ൧൮൯൯ ജൂൺ ൧൧-ാനു- ൧൩-ാം ലെയോൻ മാർപ്പാപ്പാ മനുഷ്യവൎഗ്ഗത്തെ മുഴുവനും തിരുഹൃദയത്തിന്നു ഒരു ആഘോഷപ്രതിഷ്ഠകഴിക്കയുമുണ്ടായിട്ടുണ്ട്. ഇന്നു തിരുഹൃദയഭക്തി ലോകമെല്ലായിടവും പ്രതിദിനമെന്നപോലെ വൎദ്ധിച്ചുവരുന്നുവെന്നുമാത്രമല്ല, തിരുസഭയുടെ ഗുണോൽകൎഷത്തിന്നുള്ള പ്രധാന നിദാനമായി അതു ശോഭിക്കയും ചെയ്യുന്നു.

തിരുഹൃദയഭക്തി സ്നേഹത്തിന്റെ ഭക്തിയാകുന്നു. ഹൃദയം സ്നേഹത്തിന്റെ ഇരിപ്പിടമാകുന്നതിനാൽ ലോകരക്ഷനാഥൻ നമുക്കായി ചെയ്തിട്ടുള്ള അളവില്ലാത്ത സ്നേഹകൃത്യങ്ങളെല്ലാം അങ്ങേ പരിശുദ്ധ ഹൃദയത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളവയാണ്. ദൈവസ്നേഹാധിക്യത്താൽ വി. ഫീലിപ്പോസ് നേരി എന്ന പുണ്യവാന്റെ ഹൃദയത്തിന്റെ മീതെയുള്ള വാരിയെല്ലു ഒടിഞ്ഞുപോയതായി അദ്ദേഹത്തിന്റെ ചരിത്രത്തിൽ കാണുന്നുണ്ട്. വി. അമ്മത്രേസ്യായുടെ ശങ്ക, ദൈവസ്നേഹപാരവശ്യത്തിന്റെ പ്രത്യക്ഷ ലക്ഷ്യമായി ഒരു ദൈവദൂതൻ കാണപ്പെട്ടു, ഒരു ശൂലത്താൽ കുത്തിമുറിപ്പെടുത്തിയെന്നു സ്രാപ്പേസ്സുകൂടത്ത ആ കന്യക തന്നെ എഴുതിയിരിക്കുന്നു. വി. സ്ലനിസ്ലാംസു കോസ്റ്റ്ക്കാ എന്ന പുണ്യബാലന്റെ വക്ഷസ്ഥലത്തു കഠോരശീതകാലത്തുപോലും, ദുസ്സഹമായ ചൂടു അനുഭവിച്ചിരുന്നതായി പറയപ്പെടുന്നു. മനുഷ്യഹൃദയങ്ങളിൽ ഇത്ര വലിയ ആശ്ചൎയ്യജനകമായ വിധത്തിൽ സ്നേഹനിക്ഷേപം സ്ഥിതി ചെയ്യുന്നെങ്കിൽ, മാനുഷനായ ദൈവത്തിന്റെ ആരാധനാവിഷയമായ ആ പരിശുദ്ധ ഹൃദയത്തിലെ സ്നേഹം എത്ര അഗാധമാണെന്നു ഊഹിപ്പാൻപോലും ശക്യമല്ല.

സ്നേഹം പ്രതിസ്നേഹംകൊണ്ടുമാത്രമേ സംതൃപ്തി പ്രാപിക്കയുള്ളു. ഇതിനാൽ ദിവ്യരക്ഷകൻ മനുഷ്യരുടെനേരെ കാണിച്ചിട്ടുള്ള അളവററ സ്നേഹത്തിന്നു മനുഷ്യൻ പ്രതിസ്നേഹം കാണിക്കാതിരിക്കമാത്രമല്ല, നന്ദിഹീനത പ്രദൎശിപ്പിക്കക്കൂടി ചെയ്യുന്നതു തനിക്കു അപാരമായ ക്ലേശത്തിനു കാരണമായിരിക്കുന്നുവെന്നു താൻ തന്നെ വിലപിക്കുന്നു. ഇതിനു നിവൃത്തി വരുത്തിക്കൊടുക്കയെന്നുള്ളതാകുന്നു തിരുഹൃദയഭക്തിയുടെ ഉദ്ദേശം. മാസാദ്യവെള്ളിയാഴ്ചതോറുമുള്ള പരിഹാരകുൎബ്ബാന കൈക്കൊള്ളപ്പാടു ഇതിലേക്കു ഒരു മാൎഗ്ഗമായിട്ടും താൻ തന്നെ ഉപദേശിച്ചിരിക്കുന്നു. പാപം അകലുമ്പോൾ

സ്നേഹം വർദ്ധിക്കും. സ്നേഹം വർദ്ധിക്കുമ്പോൾ പാപം അകലുകയും ചെയ്യുന്നു. ഇതിനാൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും തക്ക ഭക്തിയോടു കൂടെ കുമ്പസാരിച്ചു ദിവ്യകാരുണ്യമുൾക്കൊണ്ടു, തിരുഹൃദയത്തിനു നിന്ദാപരിഹാരം ചെയ്യുന്ന ഒരാത്മാവു, പാപത്തിൽനിന്നു ഒന്നിനൊന്നു അകലുകയും, ദൈവസ്നേഹത്തിൽ വർദ്ധിക്കയും ചെയ്യാതിരിപ്പാൻ നിവൃത്തിയില്ല. ഇപ്രകാരം പാപത്തിൻെറ വാഴ്ചയെ ഉന്മൂലനം ചെയ്തു, സ്നേഹത്തിൻെറ വാഴ്ചയെ പുനഃസ്ഥാപിക്കണം. ഇതുമാത്രമാകുന്നു ലോകത്തിൻെറ ഇപ്പോഴത്തെ നിർഭാഗ്യാവസ്ഥയിൽനിന്നു അതിനെ പരിരക്ഷിക്കുന്നതിന്നു പര്യാപ്തമായ ഏക ഔഷധം. തിരുഹൃദയഭക്തിയെ വഴിപോലെ അനുഷ്ഠിക്കുന്ന ആത്മാവു ഈ അന്ത്യത്തെ പ്രാപിക്കുന്നു. തിരുഹൃദയഭക്തിയിൽ അതിൻെറ ആന്തരാർത്ഥത്തിന്നനുസരിച്ചു അഭ്യസിക്കുന്നതു എത്ര ആവശ്യകമാണെന്നു ഇതിൽനിന്നുതെളിയുന്നു. അലസതവഴിയായി ഈ വിശിഷ്ടഭക്ത്യാഭ്യാസത്തിൽവന്നുപോയിട്ടുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനും, തദ്വാരാ നമ്മുടെ ഹൃദയങ്ങളിലും, നമ്മുടെ കുടുംബങ്ങളിലും, നമ്മുടെ നാടുകളിലും തിരുഹൃദയത്തിൻെറ സ്നേഹഭരണം പൂർവ്വാധികം പ്രബലപ്പെടുത്തുന്നതിന്നും ഈ മാസം ഒരു തക്ക അവസരമായിരിക്കുന്നു.

ഫാദർ സൈമൺ സി. ഡി.

# തിരുനാൾ സുവിശേഷം.

(വി. പത്രോസ് പൌലോസ് ശ്ലീ. തി. ജൂ. 29)

കെറിയാനാ_ ശ്ലീഹന്മാരുടെ നടപടി ൧൨ അ. ൧—൧൧ വ.

൧. എന്നാൽ അക്കാലത്തിൽ അഗ്രീപ്പോസ് എന്നു വിളിക്കപ്പെടുന്ന ഹേറോദേസു രാജാവു, സഭയിലുള്ള ചിലരേ ഉപദ്രവിപ്പാൻ ആരംഭിച്ചു.

൨. യോഹന്നാൻെറ സഹോദരനായ യാക്കോബിനെ അവൻ വാളാൽ കൊല്ലിച്ചു.

൩. യൂദന്മാൎക്കു ഇതു പ്രസാദിക്കുന്നുവെന്നു കണ്ടു, ശെമഓൻകേപ്പായേയും പിടിക്കുവാൻ അയാൾ ഒരുങ്ങി. അപ്പോൾ പുളിപ്പില്ലാത്ത അപ്പങ്ങളുടെ × ദിവസങ്ങൾ ആയിരുന്നു.

൪. അയാളേപ്പിടിച്ചു കാരാഗൃഹത്തിൽ അടയ്ക്കുകയും, പെസഹായുടെ ശേഷം അയാളെ യൂദജനത്തിനു കയ്യേൾപ്പിക്കുന്നതിനായി പതിനാറു ഭടന്മാരുടെ സൂക്ഷത്തിൽ അയാളെ വയ്ക്കുകയും ചെയ്തു.

൫. ശെമഓൻ ബന്ധനത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കയിൽ, നിരന്തരമായ പ്രാർത്ഥന അയാൾക്കുവേണ്ടി, സഭയിൽനിന്നു ദൈവത്തിനു സമൎപ്പിക്കപ്പെട്ടിരുന്നു.

൬. പ്രഭാതത്തിൽ അയാൾ കയ്യേൾപ്പിക്കപ്പെടുവാനിരുന്ന അന്നു രാത്രി, ഇരു ഭടന്മാരുടെ മദ്ധ്യേ ശെമഓൻ ഉറങ്ങുകയും, രണ്ടു തുടലുകളാൽ അയാൾ ബന്ധിക്കപ്പെട്ടിരിക്കയും, കാരാഗൃഹവാതിലുകളെ മററുള്ളവർ കാത്തുകൊണ്ടിരിക്കയും ചെയ്കയിൽ,

൭. കൎത്താവിൻെറ മാലാഖാ അയാളുടെ മുകളിൽ പ്രത്യക്ഷനായി; ഭവനത്തിൽ ഒരു വെളിച്ചം പ്രകാശിച്ചു; (ദൈവദൂതൻ) കേപ്പായുടെ പാൎശ്വത്തിൽ തട്ടി അയാളെ ഉണൎത്തി; "നീ വേഗം എഴുന്നേൽക്കുക" എന്നു പറകയിൽ ചങ്ങലകൾ അയാളുടെ കൈകളിൽനിന്നു വീണു.

൮. "നിൻെറ അര മുറുക്കി, ചെരിപ്പുകൾ ധരിക്ക" എന്നു ദൈവദൂതൻ അയാളോടാജ്ഞാപിച്ചു; അയാൾ അപ്രകാരംചെയ്തു. പിന്നെയും അയാളോടു "നിൻെറ മേൽവസ്ത്രം ധരിച്ചു എൻെറ പിന്നാലേ വരിക" എന്നു പറഞ്ഞു. മാലാഖാ വഴിയായി ഈ സംഭവിക്കുന്നതു വാസ്തവമാണെന്നു അറിയാതെ അയാൾ പുറപ്പെട്ടു പിന്നാലെ ചെന്നു; എന്നു

× പെസഹാ തുടങ്ങിയുള്ള ഏഴു ദിവസങ്ങൾ പുളിപ്പില്ലാത്ത അപ്പം മാത്രമേ ഭക്ഷിപ്പാൻ അനുവദിക്കപ്പെട്ടിരുന്നൊള്ളൂ.

ന്നാൽ താൻ ഒരു കാഴ്ച കാണുന്നുവെന്ന് അയാൾ വിചാരിച്ചിരുന്നു.

൧൦. അവർ ഒന്നാമത്തേയും രണ്ടാമത്തേയും കാവൽകടന്നു നഗരത്തിലേക്കു പോകുന്ന ഇരുമ്പുവാതുക്കൽ വന്നു; അതു് താനേ അവൎക്കു തുറക്കപ്പെട്ടു. അവർ പുറപ്പെട്ടു ഒരു തെരുവു കടക്കയിൽ മാലാഖാ അയാളെ വിട്ടകന്നുപോയി.

൧൧. അപ്പോൾ ശെമഓനു ബോധം തെളിഞ്ഞു പറഞ്ഞതായതു്: കൎത്താവു തന്റെ മാലാക്കായെ അയച്ച് ഹേറോദേസു രാജാവിന്റെ കയ്യിൽ നിന്നും, യൂദന്മാരുടെ പ്രതീക്ഷയിൽ നിന്നും എന്നെ രക്ഷിച്ചു എന്നു ഇപ്പോൾ ഞാൻ സത്യമായി അറിഞ്ഞു.

ഏവൻഗേലിയോൻ. മത്തായി ൧൬ അ. ൧൩—൧൯.

൧൩. അക്കാലത്തു ഈശോ തമ്പുരാൻ പീലിപ്പോസിന്റെ കേസറിയാ പ്രദേശത്തു വരികയും, മനുഷ്യപുത്രൻ ആരാകുന്നുവെന്നു ആളുകൾ എന്നെപ്പററി സംസാരിക്കുന്നുവെന്നു ശിഷ്യന്മാരോടു ചോദിക്കയും ചെയ്തു.

൧൪. എന്നാൽ അവർ പറഞ്ഞതായതു്: ചിലർ യോഹന്നാൻമാംദാനായാണെന്നും, വേറെ ചിലർ ഏലിയായാണെന്നും, മററു ചിലർ ഏറമ്യായോ ദീൎഘദശികളിലൊരുവനോ ആണെന്നും പറയുന്നു.

൧൫. അപ്പോൾ താൻ അവരോടു പറയുന്നു: നിങ്ങളോ എന്നാൽ ഞാൻ ആരാണെന്നാണു പറയുന്നതു്.

൧൬. ശെമഓൻ ഉത്തരമായിപ്പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹായാകുന്നു.

൧൭. അപ്പോൾ ഈശോ ഉത്തരിച്ചതായതു്: യോനായുടെ പുത്രനായ ശെമഓനേ! നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ ജഡവും രക്തവുമല്ല, സ്വൎഗ്ഗത്തിലിരിക്കുന്ന എന്റെ പിതാവത്രെ ഇതു നിനക്കു വെളിപ്പെടുത്തിയതു്.

൧൮. ഞാനും നിന്നോടു പറയുന്നു: നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ പള്ളിയെ പണിയും. നരകവാതില്ലുകൾ അതിനു വിരോധമായി പ്രബലപ്പെടുകയില്ല.

൧൯. സ്വൎഗ്ഗരാജ്യത്തിന്റെ താക്കോലുകളെ ഞാൻ നിനക്കു തരും; നീ ഭൂമിയിൽ കെട്ടുന്നതെന്തോ അതു സ്വൎഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെന്തോ, അതു സ്വൎഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും.

## മതവിശ്വാസം.

ദൈവം നമ്മെ സൃഷ്ടിച്ചതു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാകുന്നു. ആ ഉദ്ദേശമാകട്ടെ, നാം നിത്യരക്ഷ പ്രാപിക്കണമെന്നുള്ളതാണ്. അതു സാധിക്കുന്നതിനു ഒന്നാമതായി നാം ദൈവത്തെ അറിയണം. ഈ അറിവു ലഭിക്കുന്നതിൽ നമ്മുടെ സ്വാഭാവികബുദ്ധിയെ വളരെ സഹായിക്കുന്ന ഒന്നാണ് "വിശ്വാസം."

ഒരാൾ നമ്മോടു ഒരു സംഗതി പറയുന്നു. അതു യഥാൎത്ഥമാണെന്നു കാണിക്കാൻ അയാൾ വിശേഷിച്ചു ഒരു തെളിവും നൽകുന്നില്ല. അയാളുടെ വാക്കിനെ മാത്രം പ്രമാണിച്ച്, അതായതു്, അയാൾ വഞ്ചിക്കയോ, വഞ്ചിക്കപ്പെടുകയോ ചെയ്യുന്ന ആളല്ല എന്ന ന്യായത്തിന്മേൽ മാത്രം, അയാൾ പറയുന്ന സംഗതി യഥാൎത്ഥമാണെന്നു നമുക്കു ബോധപ്പെടുന്നു. ഇങ്ങനെയുള്ള ബോധ്യത്തെ ലൌകിക നടപടികളിൽ വിശ്വാസം എന്നു പേർ പറയുന്നു. ദൈവം ഒരു സംഗതി വെളിപ്പെടുത്തുന്നു. അതു യഥാൎത്ഥമാണെന്നു കാണിപ്പാൻ അവിടുന്ന് വിശേഷാൽ ഒരു തെളിവും നൽകുന്നില്ല. എന്നാൽ ദൈവം വഞ്ചിക്കയോ വഞ്ചിക്കപ്പെടുകയോ ചെയ്വാൻ പാടില്ലാത്ത സത്യസ്വരൂപിയാണെന്നു നമുക്കറിയാം. അതിനാൽ അവിടത്തെ വാക്കു മാത്രം പ്രമാണിച്ച്, അവിടുന്നു വെളിപ്പെടുത്തിയ സംഗതി യഥാൎത്ഥമാണെന്നു നാം ബോധിക്കുന്നു. ഇങ്ങനെ മതകാൎയ്യത്തിൽ മനുഷ്യൎക്കുള്ള ബോദ്ധ്യമാകുന്നു മതവിശ്വാസം.

മതവിശ്വാസവെളിച്ചം ലഭിച്ചിട്ടി

ല്ലാത്ത മനുഷ്യരുടെയിടയിൽ ദൈവത്തെക്കുറിച്ചുള്ള അറിവു എത്ര തുഛം! ദൈവസ്വഭാവത്തേയോ, ദൈവത്തിലുള്ള മൂന്നാളുകളായ പരിശുദ്ധ തമത്രീത്വത്തേയോ അവർ അറിയുന്നതെയില്ല. അവരെ പാപത്തിൽനിന്നു രക്ഷിക്കയും അവൎക്കു പരിശുദ്ധത നൽകുകയും ചെയ്യുന്ന ആ ദിവ്യരക്ഷകനേയും അറിയുന്നില്ല. അവർ നന്മതിന്മ തിരിച്ചറിയുന്നുണ്ടെങ്കിലും ആ അറിവു കേവലം അപൂൎണ്ണമായിട്ടുള്ളതാകുന്നു. പാതിവ്രത്യം, പരസ്നേഹം മുതലായ ക്രിസ്തീയ പുണ്യങ്ങളുടെ സ്വഭാവത്തെ അവർ ശരിയായി ഗ്രഹിച്ചിട്ടില്ലാത്തവരാണു്.

ഈ തത്വങ്ങളെല്ലാം മനുഷ്യന്റെ സ്വാഭാവിക ബുദ്ധികൊണ്ടുമാത്രം ഗ്രഹിക്കാവുന്നതല്ല. അവ ഗ്രഹിക്കുന്നതിനു ബുദ്ധിക്കു മതവിശ്വാസത്തിന്റെ സഹായം കൂടിയെകഴിയൂ. ഈ മതവിശ്വാസം ഒരു ദൈവദാനമാകുന്നു. വിശുദ്ധ പൌലോസ് ശ്ലീഹാക്കു ഈ ദാനം ലഭിച്ചതു, ക്രിസ്ത്യാനികളെ ഹിംസിക്കണമെന്നു മനഃപൂൎവ്വം ഉദ്ദേശിച്ചു അദ്ദേഹം ദമാസ്കൂസ് നഗരത്തിലേക്കു യാത്രചെയ്യുമ്പോളാണു്. ഈ ദാനം നമുക്കു ലഭിക്കുന്നതു് മാമ്മോദീസാ എന്ന കൂദാശ കൈക്കൊള്ളുമ്പോളാകുന്നു. ഇടവിടാതേയും, ഭക്തിപൂൎവ്വം ദൈവത്തെ പ്രാൎത്ഥിച്ചു മററുകൂദാശകൾ കൈക്കൊള്ളുമ്പോഴും നമുക്കു അതു ലഭിക്കുന്നുണ്ടു്. നാം എത്ര വളരെ പഠിപ്പും ശാസ്ത്രാഭ്യാസവുമുള്ളവരായിരുന്നാലും, നാം എത്രതന്നെ പരിശ്രമിച്ചാലും നമുക്കു സ്വശക്തിയാൽ ഈ വിശ്വാസം ലഭിക്കാവുന്നതല്ല. വിശുദ്ധ പൌലോസ് ശ്ലീഹാ ഇങ്ങനെ എഴുതിയിരിക്കുന്നു: "ദൈവാനുഗ്രഹത്താൽ വിശ്വാസം മൂലം നിങ്ങൾക്കു രക്ഷലഭിച്ചിരിക്കുന്നു; അതു നിങ്ങളുടെ ശക്തിയാലല്ല. എന്തുകൊണ്ടെന്നാൽ അതു ദൈവദാനമാകുന്നു." (എപ്പെസ്സ് ൨. ൮.)

ദൈവം ദയാപൂൎവ്വം നമുക്കു വിശ്വാസം ദാനം ചെയ്യുന്നെങ്കിലും, നമ്മെ അതു കൈക്കൊള്ളുവാൻ നിൎബ്ബന്ധിക്കുന്നില്ല. സ്വാതന്ത്ര്യമനശ്ശക്തിയുള്ളവരായ നമുക്കു അതു സ്വീകരിക്കയോ നിഷേധിക്കയോ ചെയ്യാൻ കഴിയും. ദൈവം നൽകുന്ന വിശ്വാസം നാം സ്വീകരിക്കയും, അതിനെ നഷ്ടമാക്കാതെ ജീവിതകാലം മുഴുവനും സൂക്ഷിക്കയും അതിന്റെ വ്യവസ്ഥകളും നിയമങ്ങളുമനുസരിച്ചു നമ്മുടെ വിചാരങ്ങളും, വാക്കുകളും, പ്രവൎത്തികളും നയിക്കയും ചെയ്താൽ ആ വിശ്വാസം നമുക്കു സാക്ഷാൽ സുകൃതമായിരിക്കും. നാം അങ്ങിനെ ചെയ്യുങ്കിൽമാത്രമെ, വിശ്വാസമുള്ള ക്രിസ്ത്യാനികൾ, യഥാൎത്ഥകത്തോലിക്കർ എന്നു പേരിന്നു അൎഹന്മാരാകയുള്ളു. അതിനാൽ ഒരു കത്തോലിക്കു ക്രിസ്ത്യാനിയുടെ സാക്ഷാത്തായ വിശ്വാസം; ദൈവം വെളിപ്പെടുത്തിയിട്ടുള്ളതെല്ലാം യഥാൎത്ഥമാണെന്നു ബോധിച്ചു സ്വീകരിക്കുന്നതിനു അവനെ ശക്തനാക്കിത്തീൎക്കുവാൻ ദൈവം നൽകുന്ന ഒരു പുണ്യമാകുന്നു.

നാം വിശ്വസിക്കേണ്ടതു എന്തെല്ലാമെന്നും എന്തുമാത്രമെന്നും നിൎണ്ണയിപ്പാൻ നമുക്കു സ്വാതന്ത്ര്യമില്ല. ദൈവം വെളിപ്പെടുത്തിട്ടുള്ളവയെല്ലാം ഭേദഗതികൂടാതേയും ഒന്നും വിട്ടുകളയാതേയും സ്വീകരിച്ചു വിശ്വസിപ്പാൻ നമുക്കു കടമയുണ്ടു. ദൈവവെളിപാടിൽ അല്പംപോലും ഉപേക്ഷിക്കയോ, അതു പൂൎണ്ണമായി സ്വീകരിക്കാതിരിക്കയോ ചെയ്യുന്നവൻ ദൈവം സത്യസ്വരൂപിയാണെന്നു നിഷേധിക്കുന്നു. ദൈവം ഒരിക്കലും തെററിക്കൂടാത്തവനായി എന്നേക്കും സ്ഥിതിചെയ്യുന്ന സത്യസ്വരൂപിയാകയാൽ അവിടുന്നു അരുളിച്ചെയ്യുന്നതെല്ലാം യഥാൎത്ഥമാണെന്നു സാമാന്യമായി അറിഞ്ഞാൽ പോരാ. അവിടുന്നു് കല്പിച്ചറിയിച്ചിട്ടുള്ളതു ഇന്നിന്ന സംഗതികളാണെന്നു നാം സൂക്ഷ്മമായും കൃത്യമായും അറിയേണ്ടിരിക്കുന്നു. ഈ അറിവു നമുക്കു എവിടെനിന്നു ലഭിക്കും.

വിശുദ്ധ പൌലോസ് ശ്ലീഹാ എഴുതിയിരിക്കുന്നതായതു്, "ദൈവം പണ്ടു അപ്പോളപ്പോളായി പല വിധത്തിൽ ദീൎഘദൎശികൾ വഴി പിതാക്കന്മാരെ അറിയിച്ചു. ഒടുവിൽ ഈ കാലത്തിൽ, സകല വസ്തുക്കളുടേയും അവകാശിയായി താൻ നിശ്ചയിക്കയും, തന്നെ ലോകസൃഷ്ടിയിൽ സഹായിക്കയും ചെയ്തു തന്റെ കുമാരൻ വഴി നമ്മെ അറിവിച്ചിരിക്കുന്നു." (എബ്രായ. ൧. ൧. ൨.) കാലം പൂൎണ്ണതയി

ൽ എത്തുകയും പാപം അത്യധികമായി വർദ്ധിക്കയും ചെയ്യുമ്പോൾ മനുഷ്യർക്കു അറിവും രക്ഷയും നൽകുന്നതിനായി ദൈവം തൻെറ ഏകപുത്രൻ ഈശോമിശിഹായെ അവരുടെ പക്കൽ അയച്ചു. ഈശോമിശിഹാ ദൈവത്വത്തിൻെറ പൂർണ്ണതയുള്ളവനായിരുന്നതിനാൽ സത്യത്തിൻെറയും പൂർണ്ണതയുള്ളവനായിരുന്നു. അവിടുന്നു ഈ സത്യം തൻെറ ശ്ലീഹന്മാരെ ഗ്രഹിപ്പിക്കയും, തിരുസഭയെ സ്ഥാപിച്ചു് അവരെ അതിൻെറ നേതാക്കന്മാരും അദ്ധ്യാപകന്മാരുമായി നിശ്ചയിക്കയും ചെയ്തു. അവിടുന്നു് അവരോടു കല്പിച്ചതായതു്: "പിതാവു എന്നെ നിയോഗിച്ചതുപോലെ ഞാൻ നിങ്ങളെ നിയോഗിക്കുന്നു, നിങ്ങൾ പോയി എല്ലാം ജാതികളേയും പഠിപ്പിക്കുവിൻ" മിശിഹാ പരിശുദ്ധാത്മാവിനെ ശ്ലീഹന്മാർക്കു അയച്ചുകൊടുത്തു. ആ പരിശുദ്ധാത്മാവു അവരേയും അവരുടെ പിൻഗാമികളേയും ഇടവിടാതെ സഹായിക്കയും, അവരെ എല്ലാ സത്യങ്ങളും ഉപദേശിക്കയും, തെററിൽ ഉൾപ്പെടാതെ സൂക്ഷിക്കയും ചെയ്യുമെന്നു മിശിഹാ വാഗ്ദാനവും ചെയ്തിട്ടുണ്ടു്.

കൂടാതെ, ശ്ലീഹന്മാർ മിശിഹായുടെ ഉപദേശങ്ങളും പ്രവൃത്തികളും മുഴുവനായില്ലെങ്കിലും ഏതാനും ഭാഗം ഗ്രന്ഥരൂപേണ എഴുതിവച്ചിട്ടുണ്ടു്. ഈ ഗ്രന്ഥങ്ങളാണു് വേദപുസ്തകത്തിലെ പുതിയനിയമം എന്ന ഭാഗം. ഈ ഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുള്ളതുകൂടാതെ വേറെയും സംഗതികൾ ശ്ലീഹന്മാർ മിശിഹായിൽനിന്നും പരിശുദ്ധാത്മാവിൽനിന്നും ഗ്രഹിച്ചിരുന്നു. അവർ അതെല്ലാം വാമൊഴിയായി ജനങ്ങളെ ഉപദേശിച്ചു. ആദ്യക്രിസ്ത്യാനികൾക്കു ഈ വിധം നൽകപ്പെട്ട ഉപദേശങ്ങളാണു് പാരമ്പര്യപഠനമെന്നു വിളിക്കപ്പെടുന്നതു്. തിരുസഭ നമ്മുടെ വിശ്വാസവിഷയമാകേണ്ടതായി എടുത്തുകാണിക്കുന്ന ഏതുസംഗതിയും വേദപുസ്തകത്തിൽനിന്നും പാരമ്പര്യപഠനത്തിൽനിന്നും ലഭിച്ചിട്ടുള്ളതാണു്. അതിനാൽ സഭയുടെ ഉപദേശങ്ങൾ അതിൻെറ സ്ഥാപനകാലത്തു ദൈവം തന്നെ തൻെറ ഏകകുമാരൻ ഈശോമിശിഹാ വഴി വെളിപ്പെടുത്തി പഠിപ്പിച്ചിട്ടുള്ളവയല്ലാതെ മറെറാന്നുമല്ല. നമ്മുടെ വിശ്വാസത്തിൻെറ പ്രധാന വിഷയങ്ങൾ വേദപുസ്തകത്തിലും പാരമ്പര്യപഠനത്തിലും അടങ്ങിയിരിക്കകൊണ്ടു ഇവരണ്ടും വിശ്വാസത്തിൻെറ മൂലസ്ഥാനങ്ങൾ എന്ന പേർ സിദ്ധിച്ചു.

ഈ കാര്യത്തിൽ കത്തോലിക്കരായ നമുക്കെതിരായിട്ടാണു് പ്രോട്ടസ്റ്റാൻറുകാരുടെ നില. അവർ പാരമ്പര്യപഠനം യാതൊരു വിലയും ഉപയോഗവുമില്ലാത്തതായി തള്ളി വേദപുസ്തകത്തെ മാത്രമേ വിശ്വാസത്തിൻെറ മൂലസ്ഥാനമായി സ്വീകരിക്കുന്നുള്ളൂ. എന്നാൽ പാരമ്പര്യപഠനം വേദപുസ്തകംപോലെതന്നെ സ്വീകാര്യമായ വിശ്വാസത്തിൻെറ മൂലസ്ഥാനമാണെന്നു പിന്നാലെ സ്ഥാപിക്കുന്നവയിൽനിന്നു നിഷ്പ്രയാസം തെളിയുന്നതാണു്.

ഇത്രയും പറഞ്ഞതിൽനിന്നു മതവിശ്വാസം എന്താണെന്നു ഗ്രഹിക്കാമല്ലോ. വിശ്വാസമെന്നതു ദൈവം വെളിപ്പെടുത്തിട്ടുള്ളതും നാം മതപ്രമാണമായി സ്വീകരിക്കേണ്ടതാണെന്നു തിരുസഭ നമ്മെ അറിയിക്കുന്നതുമായ സമസ്തവും യഥാർത്ഥവും സൂക്ഷ്മവുമാണെന്നു ബോധിച്ചു സ്വീകരിപ്പാൻ നമ്മെ ശക്തന്മാരാക്കിത്തീർക്കുന്നതിനു ദൈവം നൽകുന്ന ഒരു പുണ്യമാകുന്നു.

നടുവത്തുശേരിൽ യാക്കോബു ക.

## * 'ഒരു വിലതീരാത്ത രത്നം.' അഥവാ തിരുഹൃദയപ്രതിഷ്ഠ.

ഈ ലോകത്തിലുള്ള ലൗകികവസ്തുക്കളിൽവച്ചു് മനുഷ്യർ ഏററവും വിലയേറിയതായി ഗണിക്കുന്നതു് രത്നങ്ങളേയാണല്ലോ. ഇതിൽ പ്രഥമസ്ഥാനം "വൈര

കല്ലി"നാണ്. റഷ്യാ ചക്രവത്തിയുടെ ചെങ്കോലിന്മേലുള്ള ഒരു വൈരരത്നത്തിന് ൭ കോടിരൂപാ വിലയുണ്ടെന്നും അതിൽ ഇരുപത്തിനാലിരട്ടി വിലവരുന്ന ഒരു വജ്രരത്നം പോർട്ടുഗൽരാജകുടുംബത്തിൽ പൂർവ്വസ്വത്തായി സൂക്ഷിച്ചിരിക്കുന്നതായും പറയപ്പെടുന്നു. ഇത്ര വളരെ വിലവരുന്ന ഒരു രത്നം സമ്പാദിക്കേണമെങ്കിൽ അത്ര ഒരു സാധാരണമനുഷ്യനെക്കൊണ്ട് സാധിക്കുന്നതല്ല. ഇങ്ങനെയുള്ള വിലയേറിയ രത്നങ്ങൾ ഇരിക്കുന്ന ഭവനങ്ങൾ സൎവ്വവിധ ഐശ്വൎയ്യങ്ങളാലും പൂൎണ്ണമായിരിക്കുമെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

രത്നങ്ങൾക്ക് ഇപ്രകാരമുള്ള വിവിധഗുണങ്ങൾ ഉണ്ടായിരുന്നാൽ തന്നെയും അത് ലോകത്തിൽ അപൂൎവ്വം ചില മഹാരാജാക്കന്മാൎക്കും ചക്രവത്തികൾക്കുമല്ലാതെ സാധാരണന്മാൎക്ക് ലഭിക്കുന്നതല്ല. നല്ല ഉത്സാഹിയും പരിശ്രമിയുമായ ഒരു യുവാവ് പ്രസ്തുതരത്നം കരസ്ഥമാക്കാൻവേണ്ടി എത്ര തന്നെ പ്രയത്നപ്പെട്ടാലും ലഭിക്കുന്ന കാൎയ്യം എളുപ്പമല്ല.

എന്നാൽ കത്തോലിക്ക് വിശ്വാസികളാകുന്ന നമ്മുടെ മദ്ധ്യേ "ഒരു വിലതീരാത്ത രത്നം" ഉണ്ടായിരിക്കുന്നു. അത് എത്രയും വിശുദ്ധ കുർബ്ബാനയിൽ പ്രസന്നവദനനായി എഴുന്നള്ളിയിരിക്കുന്ന നമ്മുടെ രക്ഷിതാവും കൎത്താവുമായിരിക്കുന്ന, ഈശോമ്ശിഹായുടെ തിരുഹൃദയമാകുന്നു.

പഴയനിയമത്തിലെ പ്രധാനാചാൎയ്യന്റെ പതക്കത്തിന്മേൽ, പന്ത്രണ്ടു രത്നങ്ങളെ പതിക്കണമെന്ന് മൊശയോടു ദൈവം കല്പിച്ചു. അത്രയുമല്ലാ "ഗലിയാനാ" പുസ്തകത്തിൽ പന്ത്രണ്ടു അപ്പസ്തോലന്മാരുടെ കണക്കായി പന്ത്രണ്ടു രത്നങ്ങളെ പ്രശംസിച്ചെഴുതിയിരിക്കുന്നതായി പുതിയ നിയമത്തിലും കാണാം.

രത്നങ്ങളിൽ മേൽത്തരമായ "വജ്ര"ത്തിന് മറ്റു രത്നങ്ങൾക്കില്ലാത്ത പല ഗുണങ്ങളുമുണ്ടായിരിക്കുന്നു. അതിനെ മറ്റു രത്നങ്ങൾകൊണ്ടു മുറിക്കപ്പെടുവാൻ പാടില്ലാ; അതിന്റെ സമീപത്ത് കാന്തം വച്ചാൽ തൽക്ഷണം ദ്രവമായി (ഉരുകി) പോകുന്നു.

അൎബ്ബുദം, പീനസം, കുഷ്ഠം, ആദിയായ കഠിനവ്യാധികൾക്ക് വജ്രം, പ്രത്യൌഷധമാണ്.

ഇപ്രകാരമുള്ള ഒരു രത്നത്തെ അപേക്ഷിച്ച് സഹസ്രം മടങ്ങ് ഗുണബഹുലമാകുന്നു വിശുദ്ധ കുർബ്ബാനയിൽ സ്ഥിതിചെയ്യുന്ന മിശിഹായുടെ ദിവ്യഹൃദയം. ഈ ഹൃദയം അനിതരസാധാരണഗുണമുള്ള ഒരു "വജ്രരത്നം"തന്നെയാകുന്നു എന്ന് ഒരു മഹാത്മാവ് എഴുതിയിരിക്കുന്നു,

ഈ പരിശുദ്ധ രത്നം പാപികളോടു സമീപിക്കുമ്പോൾ അവരുടെ പാപങ്ങളും ദുരാശകളും ക്ഷയിച്ചുപോകുന്നു, കഠിനഹൃദയങ്ങൾ ഈ രത്നസാമീപ്യം കൊണ്ടു, ഉരുകിശാന്തസ്വഭാവമായി പകരപ്പെടുന്നു.

ഈ ദിവ്യഹൃദയത്തിന്റെ സഹകരണം (അനുഗ്രഹം) മൂലം എത്രയോ കഠിനവ്യാധികൾ സുഖപ്പെടുന്നു. "അസ്വരബാധകർ" സൌഖ്യമാക്കപ്പെടുന്നു. ഇതു ഈ വിശുദ്ധ രത്നത്തിന്റെ ഗുണഫലങ്ങളല്ലാതെ മറെറന്താണ്. അതിനാൽ ഇത്ര മഹത്തരമായ ഈ സ്വൎഗ്ഗീയരത്നത്തെ നമ്മുടെ ഭവനങ്ങളിൽ സ്ഥാപിക്കേണ്ടതല്ലയോ?

അതെങ്ങിനെയാണ് സാധിക്കേണ്ടതെന്നു ചോദിക്കയാണെങ്കിൽ ഇതാ അതിനുള്ളമാൎഗ്ഗം:— അമേരിക്കയിലെ 'ചില്ലി' രാജ്യത്തിൽ ആരംഭിച്ച് സൎവ്വത്ര പ്രചാരത്തിൽ വന്നിരിക്കുന്ന "കുടുംബപ്രതിഷ്ഠ" എന്ന ദിവ്യകൎമ്മം കൊണ്ട് നിങ്ങളിൽ ഓരോരുത്തരുടേയും ഭവനങ്ങളിൽ ഈ ഉത്തമരത്നം സ്ഥാപിപ്പാൻ കഴിയും. പിന്നെ ആ വീട്ട് ഒരിക്കലും പൈശാചിക ഉപദ്രവം കൊണ്ടോ ദാരിദ്ര്യംകൊണ്ടോ, മറ്റു പലവിധങ്ങളായ നിൎഭാഗ്യങ്ങൾ കൊണ്ടോ കഷ്ടപ്പെടേണ്ടിവരികയില്ലെന്ന്, ഭരണാധികാരികളായ മെത്രാന്മാരുടേയും ജ്ഞാനഗുരുക്കന്മാരുടെയും റിപ്പോൎട്ടുകൾകൊണ്ടും പ്രതിദിനസംഭവങ്ങൾകൊണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

* രാമപുരം തിരുഹൃദയ സംജീവിതസംഘത്തിൽ എഴുതി വായിക്കപ്പെട്ട ഒരു അഞ്ച് വിനാഴിക പ്രസംഗം.

അതിനാൽ തിരുഹൃദയ ഭക്തരായ സഹോദരസഹോദരികൾ ഏകോപിച്ച് ഈ വിലതീരാത്ത ദിവ്യ രത്നത്തെ തങ്ങളുടെ വീടുകളിൽ സംഗ്രഹിക്കുന്നതിന് അശ്രാന്തപരിശ്രമം ചെയ്യേണ്ടതാകുന്നു.

പൊന്നാമററത്തിൽ യൌസേപ്പുമാപ്പിള.

# സുഭാഷിതങ്ങൾ.

1 സർവ്വേശഭയമാകുന്നു
സുജ്ഞാനത്തിൻ സമുത്ഭവം;
ഭോഷൻ തിരസ്കരിക്കുന്നു
വിജ്ഞാനം ശിക്ഷണങ്ങളും.

2 പിതൃശാസനമെൻ പുത്രാ
സ്വീകരിക്കുക സാദരം;
മാതൃവാക്യങ്ങളേയും നീ-
യാദരിക്കുക സർവ്വദാ.

3 ദൈവമാകുന്നു മർത്ത്യർക്കു
വിവേകത്തെക്കൊടുപ്പവൻ;
അവിടുത്തെ മുഖാബ്ജത്തിൽ
നിന്നാണറിവു ബുദ്ധിയും.

4 ഗുണികൾക്കു സ്വതാ രക്ഷ
വിരവോടേകുമീശ്വരൻ;
നിർവ്യാജമാനസന്മാർക്കു
തുണയായുമിരുന്നിടും.

5 സച്ചിന്ത നിന്നെ മൽസൂനോ!
കാത്തുകൊള്ളുമനാരതം;
നീതിമാൻെറ വിവേകം നിൻ
രക്ഷയ്ക്കാധാരമായ്വരും.

6 നന്മ, നീതി, സമാധാന-
മിവനിങ്കൽ വസിക്കണം;
കഴുത്തിലവ കെട്ടേണം
നെഞ്ചകത്തെഴുതീടണം.

7 ഇതു ചെയ്യുകിൽ വിജ്ഞൻ നീ,
ദൈവത്തിനും മനുഷ്യനും
നിന്മേൽ കരുണയും കൃപ-
യുണ്ടാമെന്നു ധരിക്കുക.

8 ദൈവത്തിൽ നിൻെറ വിശ്വാസം
സർവ്വം സ്ഥാപിച്ചുകൊള്ളണം;
സ്വീയമായ വിവേകത്തെ-
യാശ്രയിക്കേണ്ടൊരിക്കലും.

9 പ്രവൃത്തികളിലെപ്പോഴും
ദൈവത്തെച്ചിന്ത ചെയ്യുക,
അവിടുന്നു ശരിയാക്കും
നിൻെറ കാൽത്തളിരമ്പൊടും.

10 നിൻെറ ദൃഷ്ടിയിൽ നീതന്നെ
വിജ്ഞനാകേണ്ടതെല്ലുമെ,
ഭയപ്പെടുക ദൈവത്തെ-
പ്പാപത്തെ വിട്ടുമാറുക.

11 കർത്താവു നിന്നെശിക്ഷിച്ചാൽ
ഹൃത്താർ വാടേണ്ട ലേശവും
ആരെ സ്നേഹിപ്പു സർവ്വേശ-
നവന്നേകുന്നു ശിക്ഷയും.

12 വിഘ്നമേകേണ്ട സൽകൃത്യം
ചെയ്വാൻ സാധിപ്പവർക്കു നീ;
സാദ്ധ്യമെങ്കിൽ പ്രവർത്തിക്ക
നീയും സൽകാര്യമാദരാൽ

13 പണം കയ്യിലിരിക്കുമ്പോ-
"ളിന്നുപോ, വീണ്ടു നാളെ വാ,
അപ്പോൾത്തരാം നിനക്കെ"ന്നു
സഖിയോടു കഥിക്കൊലാ.

14 പാപിതൻ വഴിയിൽക്കൂടി-
പ്പോകവേണ്ടയിബാലക!
അവൻെറ പാഥയിൽ തെല്ലും
പ്രീതിയുണ്ടായിടേണ്ടതേ.

15 അവൻെറ വാസസ്ഥാനത്തെ-
ക്കടന്നും നീ ഗമിക്കൊലാ,
അതിനെ വിട്ടു ദൂരത്തേ-
യ്ക്കകന്നീടുക സത്വരം.

16 അധർമ്മമേതാൻ ചെയ്യല്ലാ-
തുറങ്ങുന്നില്ല ദുർജ്ജനം;
പരനെത്തട്ടി വീഴിച്ചേ
നിദ്ര ദുഷ്ടർക്കു വന്നിടു.

17 അധമോക്തി വമിക്കുന്ന
വദനത്തെയകററണം;
പരദൂഷണമോതിടു-
മധരത്തെയുമൌഷ്ഠ്യധം.

18 സ്വന്തമാം ജലപാത്രത്തിൽ
നിന്നുതന്നെ കുടിയ്ക്കുനീ;
നിന്റെ ക്രൂപത്തിലെ വെള്ളം
തന്നേ നിൻപാനമാകണം.

19 മനുഷ്യമാൎഗ്ഗമെന്നാളു-
മീക്ഷിക്കുന്നു ജഗൽപതി;
മനുഷ്യപാദസഞ്ചാരം
നോക്കുമീശ്വരനെപ്പൊഴും.

20 ദുഷ്ടനെസ്സ്വന്തദുഷ്കൃത്യം
പിടികൂടുന്നു സൎവ്വദാ
സ്വന്തമാം പാപപാശത്തിൽ
കുടുങ്ങീടുന്നു ദുൎജ്ജനം.

21 മടിയാ! ചെറുതായുള്ളോ-
രെറുമ്പെച്ചെന്നു നോക്കുക,
അതിൻ ക്രിയകളെ കണ്ടു
വിജ്ഞനായിബ്ഭവിയ്ക്കുക.

22 അതിനില്ലൊരുനേതാവോ
ഗുരുവൊ—നോക്കുകെങ്കിലും
കരുതുന്നശനോപായം
കൊയിത്തു സമയങ്ങളിൽ.

ഫാദർ എമ്മാനുവേൽ സി. ഡി.

# ദൈവജനനിയുടെ പുണ്യപരിപൂൎണ്ണത.

(തുടൎച്ച.)

നാം അറേബ്യയിലുള്ള സീനമലയിലേക്ക ഒന്നു കയറി, അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളേക്കൂടെ ഒന്നു വീക്ഷിക്ക തന്നെ. തിരഞ്ഞെടുക്കപ്പെട്ട ജനത്തെ, ഫറവോന്റെ അടിമയിൽനിന്നു ത്രാണനം ചെയ്തു്, കാനാൻ രാജ്യത്തിലേക്ക കൂട്ടിക്കൊണ്ടു വരുവാനുള്ള നേതാവായി, ദൈവം മോശയെ നിശ്ചയിക്കുന്നു. അത്യത്ഭുതപ്രവൎത്തകമായ വടിയും, മോശയുടെ കയ്യിൽ കൊടുക്കുന്നു. ഈ വടിയുടെ സ്പൎശനത്താൽ നീലനദി രക്തമയമായിപ്പോകുന്നു. ഹോ! അത്യത്ഭുതമേ! അഗാധമായ ചെങ്കടലിൽ ഉണങ്ങിയ വഴി തുറന്നതും, ഈ വടിയുടെ ശക്തിയത്രേ. സമുദ്രവും കരയും മോശയുടെ ചെറിയ വടിക്ക കീഴടങ്ങുന്നു. ആകാശത്തിൽ നിന്നിറങ്ങിയ തീത്തുണ്ട്, എത്രയും അനുസരണയുള്ള ഒരു ശ്വാവിനെപ്പോലെ, മഹാ ദീൎഘദൎശിയുടെ മാൎഗ്ഗദൎശി ആയിരിക്കുന്നു. ഇതിനെ എല്ലാം കണ്ടിരുന്ന മോശ— ഈ അത്യത്ഭുതങ്ങളെ പ്രവൃത്തിച്ചിരുന്ന മഹാനേതാവ്—ഇതാ തളൎന്നുപോകുന്നു. എങ്ങിനേ? ദൈവവിശ്വാസപരീക്ഷയിൽ മോശയുടെ അവിശ്വാസം കാനാൻദേശത്തിന്റെ വഴികളെ മോശയ്ക്കായി അടച്ചുകളഞ്ഞു. പാലും തേനും ഒഴുകുന്ന ആ ഭൂമിയെ, അകലെനിന്നു വീക്ഷിപ്പാൻ മാത്രമേ ഈ മഹാനു സാധിച്ചുള്ളു.

ഇനി ഓറശലം ദേവാലയത്തിലേക്ക നമുക്ക പ്രവേശിക്കാം. മ്ശിഹായുടെ മുന്നോടിയാവാനിരുന്ന, യോഹന്നാൻ സ്നാപകന്റെ പിതാവായ സക്കറിയാസ് ധൂപകലശവും കയ്യിൽ ധരിച്ചു ശുദ്ധസ്ഥലത്തിൽ പ്രവേശിച്ചിരിക്കുന്നു. ഉടനെ ഇതാ ഒരു മനുഷ്യരൂപമത്രേ, തന്റെ ദൃഷ്ടിയിൽ പെടുന്നതു്. ഈ മനുഷ്യരൂപം സക്കറിയാസിനോടു "നിന്റെ ഭാൎയ്യയായ എലീസബത്തു് നിനക്ക ഒരു പുത്രനെ പ്രസവിക്കും, നീ അവനു യോഹന്നാൻ എന്നു പേരു വിളിക്കയും വേണം" എന്നരുളിച്ചെയ്യുന്നു. ഇതിൽ വിശ്വസിപ്പാൻ എന്താണത്രെ പ്രയാസം? എന്നാൽ "ഞാൻ വൃദ്ധനും എന്റെ ഭാൎയ്യ വയസ്സുചെന്നവളുമാകുന്നു" എന്നു് പറഞ്ഞുകൊണ്ടു് സക്കറിയാസ് മനുഷ്യവേഷത്തിൽ അവിടെ പ്രത്യക്ഷനായ ഗബ്രിയേലിന്റെ വചനങ്ങളിൽ വിശ്വസിക്കാതെ പരിശോധനയിൽ തോററുപോയി. ഈ അവിശ്വാസത്തിന്റെ അനുഭവമെന്തായിരുന്നു. തക്ക കാലത്തിൽ ഈ സത്യം നിറവേറിയതുവരെ സക്കറിയാസ് ഊമനായിരിക്കേണ്ടിവന്നു.

ദൈവവിശ്വാസത്തിന്റെ മാതൃകാ

സ്തംഭങ്ങൾ, ഇപ്രകാരം അധഃപതിക്കുന്നതായി നാം കാണുന്നു. "ആകാശത്തിൽനിന്ന് സാത്താൻ മിന്നൽപോലെ വീഴുന്നതു ഞാൻകണ്ടിരുന്നു" എന്നുള്ള ദൈവപുത്രന്റെ ഈ വിവരണപ്രകാരം, വെട്ടത്തെ ധരിച്ച ലൂസിഫെറും, അസംഖ്യം സ്വർഗ്ഗാരൂപികളും മോക്ഷമഹിമയെ വെടിഞ്ഞു, പിശാചുക്കളായിത്തീർന്നതു് വിശ്വാസമെന്ന പരീക്ഷയിലുണ്ടായ അപജയത്താലാണെന്നും, മോക്ഷസൈന്യം സ്വർഗ്ഗരാജ്യമെന്ന മഹാ സമ്മാനത്തിന്നു പാത്രീഭവിച്ചതു്, ദൈവികവിശ്വാസത്തിൽ അവർ പ്രാപിച്ച വിജയത്താലാണെന്നും മനസ്സിലാക്കിയാൽ, ദൈവ വിശ്വാസം ദൈവത്തിന്റെ എത്ര വലിയ അമൂല്യദാനമാകുന്നു എന്നും, അതിനെ നാം എങ്ങനെ മതിക്കേണ്ടതാണെന്നും നിഷ്പ്രയാസം നമുക്കു ഗ്രഹിക്കാം. നശിച്ചുപോയ സ്വർഗ്ഗാരൂപികളുടെ ഒഴിഞ്ഞ സിംഹാസനങ്ങളിലേക്കു മനുഷ്യവർഗ്ഗത്തെ ഉയർത്തുന്നതിന്നും, നസ്രത്തിലെ കന്യകയെ സകല മോക്ഷവാസികളുടെയും ത്രിലോകങ്ങളുടെയും രാജ്ഞിയായി സ്ഥാപിക്കുന്നതിനും മുമ്പ് ദൈവം "യെരുസലേമിനെ വെട്ടത്താൽ പരിശോധിക്കും"മെന്ന ദൈവവാക്യപ്രകാരം തീവ്രമായ ഒരു പരിശോധന ദൈവജനനിയിലും, നടത്തുകയാണുണ്ടായതു്. ഈ പരിശോധനാകർത്താക്കൾ പിതാവായ സർവ്വേശ്വരനും, പുത്രനായ സർവ്വേശ്വരനും, പരിശുദ്ധാരൂപിയായ സർവ്വേശ്വരനുമായിരുന്നു. ഈ പരിശോധന നടത്തുന്നതിന്നു നിയമിതനായവൻ, ദൈവികമനിഷ്പവും, ദൈവസിംഹാസനത്തിൻ മുമ്പാകെ കത്തിയെരിയുന്നവനും, ദൈവശക്തിയുമായ ഗബ്രിയേൽ തന്നെ. ശോധനാവിഷയം, മനുഷ്യാവതാരത്തിന്റെ പരമ രഹസ്യവുമായിരുന്നു. പരീക്ഷയുടെ വിധം, വിശ്വാസത്തിന്റെ അഗ്നിച്ചൂളയിലത്രെ. ഇതിൽ ഉൾപ്പെട്ടിരുന്ന വിഷയങ്ങൾ ദൈവവിശ്വാസം മാത്രമായിരുന്നില്ല. സുസ്ഥിരമായ ദൈവവിശ്വാസാനുഗാമികളായ പ്രത്യാശയും, ജ്വലിക്കുന്ന ദൈവസ്നേഹവും, നിസ്സീമമായ പരസ്നേഹവും, ആഴമററ എളിമയും, പരാക്രമികളെ തോല്പിക്കുന്ന സഹനശക്തിയും, സൂര്യബിംബത്തെ മയക്കിക്കളയുന്ന ചാരിത്രശുദ്ധിയും ഇവയെ എല്ലാവറേറയും മൂടി ധരിപ്പിക്കുന്ന നിലനില്പുമായിരുന്നു. ഈ പരീക്ഷയിൽ മറിയം ജയിച്ചില്ലെങ്കിൽ, മറിയത്തിന്നു സൂര്യകിരണങ്ങൾ പതിച്ച രാജകീയ വസ്ത്രവും, ദ്വാദശ നക്ഷത്രമണി മകുടവും, ത്രിലോകരാജ്ഞിയുടെ സ്ഥാനമാനവും ഒന്നാകെ നഷ്ടപ്പെട്ടേനെ; എന്നു തന്നെയുമല്ല, മറിയം ദൈവപുത്രന്റെ ജനനി ആയിത്തീരുകയുമില്ലായിരുന്നു. വിജയത്തിന്റെ സാക്ഷിപത്രം മറിയം കൈക്കലാക്കിയിരുന്നില്ലെങ്കിൽ "ഉഷസ്സിനെപ്പോലെ വർദ്ധമാനയായും ചന്ദ്രനെപ്പോലെ ഭംഗിയുള്ളവളായും സൂര്യനെപ്പോലെ പ്രശോഭിതയായും ക്രമീകരിക്കപ്പെട്ട സൈന്യനിരപോലെ മറിയം പുറപ്പെട്ടമായിരുന്നുവോ?

എന്നാൽ ഗബ്രിയേലിന്റെ ആഗമനത്തിൽ നസ്രത്തിലെ കന്യകയെ ഈ മഹാ മനിഷ്പം കണ്ടതു് ലോകപ്രകാശമാനമായ ദൈവവിശ്വാസത്തിന്റെ സ്ഫടികവിളക്കിനെ കരങ്ങളിൽ ഏന്തിക്കൊണ്ടും, കന്യാത്വമെന്ന നിർമ്മല ലീലിപുഷ്പത്താൽ ആവൃതയായിട്ടും, ഇതിന്റെ സൗരഭ്യജലത്തിൽ നിമഗ്നയായിട്ടും, എളിമയുടെയും വിനയം മുതലായ മററു പുണ്യങ്ങളുടെയും, പൂർണ്ണചന്ദ്രനെ പാദപീഠമായി ചവുട്ടിയവളായിട്ടും, സർവ്വാംഗം സർവ്വപുണ്യശോഭിതയായി വിലസുന്നവളായിട്ടും, ക്രമീകരിക്കപ്പെട്ട സൈന്യശേഖരത്തിനു സമം സകല പുണ്യാഭ്യാസായുധപാണികളായി, ലോകത്തോടും പിശാചിനോടും മാംസേച്ഛകളോടും പോരാടി ജയം പ്രാപിച്ച അസംഖ്യം വിശുദ്ധന്മാരുടെ നേതൃത്വം വഹിച്ച് നരകത്തിന്നു ഭയാനകയായിട്ടുമാണ്. എന്റെ പ്രസ്താവം വാസ്തവ വിരുദ്ധമല്ലെന്ന് ഞാൻ തെളിയിപ്പാൻ തുടങ്ങുന്നതിനു മുമ്പ്, സക്കറിയാസ് ദൈവദൂതനോടു ചോദിച്ച ചോദ്യംതന്നെ "ഇതു യഥാർത്ഥമെന്ന് ഞാൻ എന്തുകൊണ്ടറിയും"? എന്ന് എന്നോടും എന്റെ കേൾവിക്കാരിൽ വല്ലവരും ചോദിച്ചേക്കാം. ഇതിന്നു ശരിയായ ഉത്തരം കൊടുത്തു്, അപ്രമാദമായ രേഖകളാൽ സ്ഥിരീകരിച്ച് ഈ ചോദ്യകർത്താവിന്റെ ജിജ്ഞാസയെ സംതൃ

പ്പിപ്പെടുത്തുന്നതിന്ന് വേണ്ടത്തക്ക രേഖകൾ ധാരാളമുണ്ട്. ഈ ഘട്ടത്തിൽ ബോധജ്ഞാനിയായ ശ്ലേമോനെയും, സങ്കീൎത്തകനായ ദാവീദിനെയും, മഹാ രഹസ്യകാൎയ്യങ്ങളെ പ്രവചിച്ച ഏശയ്യാ, ദാനിയേൽ മുതലായവരേയും ഞാൻ അന്വേഷിക്കുന്നില്ല. തത്വശാസ്ത്രവൎയ്യരായ അരിസ്റ്റോട്ടൽ, ഡെമസ്തനെസ്, പ്ലെറെറാ മുതലായവരുടെ സാക്ഷിത്വങ്ങൾ ഒന്നും, ഞാൻ കാൎയ്യമായി ഗണിക്കുന്നില്ല. ക്രമ്മബുദ്ധിയായ അഗുസ്തീനോസും, വിശാലമനസ്കനായ ഈറാനിമോസും, വേദാന്തികളിൽ അഗ്രഗണ്യനായ തോമാസു അകവീനാസും ഇപ്പോൾ മിണ്ടട്ടെ. മനുഷ്യസാക്ഷിത്വങ്ങൾ ഒന്നും ഞാനാവശ്യപ്പെടുന്നില്ല. എന്റെ ഏക സാക്ഷി, എന്റെ ഏക രേഖാമാൎഗ്ഗം ദൈവത്തിന്റെ വിശുദ്ധാരൂപിതന്നെ ആകുന്നു.

വഞ്ചിപ്പാനും വഞ്ചിക്കപ്പെടുവാനും അസാദ്ധ്യനായ ദൈവാരൂപി സുവിശേഷകൻ ലൂക്കോസിന്റെ തൂവൽകൊണ്ടു എന്റെ പ്രമേയ വിഷയം തെളിവായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്താണ് എന്റെ പ്രമേയം? നമ്മുടെ നാഥയായ കന്യാസ്ത്രീ നക്ഷത്രങ്ങളുടെയിടയിൽ ചന്ദ്രൻ എങ്ങിനെ രാജ്ഞിയായി പ്രകാശിക്കുന്നുവോ, അപ്രകാരം സകല സുബോധമുള്ള സൃഷ്ടിയെ അപേക്ഷിച്ച് വിശ്വാസപതിയും, വിശ്വസ്തപതിയും, ഈ കാരണത്താൽ ത്രിലോകരാജ്ഞിയുമാണെന്നാണ്. തന്റെ പ്രജകളുടെ കയ്യിൽ ദൈവ വിശ്വാസത്തിന്റെ ഓരോ വിളക്കുകൾ ഉണ്ടായിരുന്നു. രാജ്ഞിയുടെ കരങ്ങളിലൊ ദൈവിക വിശ്വാസ സൂൎയ്യൻ തന്നെ വിളക്കായിരുന്നു. സ്വൎഗ്ഗാരൂപികളിൽ അഗ്രേസരനായ മിഖായേൽ, ദൈവം മനുഷ്യനാകുമെന്നു വിശ്വസിച്ചു, ശരിതന്നെ. എന്നാൽ മറിയമൊ തന്റെ ഉദരത്തിൽ മറഞ്ഞിരുന്ന ആ ശിശു, തന്റെയും സൎവ്വലോകങ്ങളുടെയും സൃഷ്ടിതാവും രക്ഷിതാവുമെന്നു ഉറച്ചുകൊണ്ടു ഈ ശിശുവിനെ ആരാധിക്കുന്നു. പുൽക്കൂട്ടിൽ രണ്ടു മൃഗങ്ങളുടെ ഇടയിൽ പുല്ലിന്മേൽകിടന്നു വിറെക്കുന്ന പൈതലിനെ സൎവ്വചരാചരങ്ങളുടെയും കാരണഭൂതനായി സദാ മറിയം കുമ്പിടുന്നു. പണിപ്പുരയിൽ വേല ചെയ്യുന്ന ചെറിയ ആശാരിയെ സൎവ്വലോകങ്ങളെയും രൂപീകരിച്ച ദൈവിക ശില്പിയായി മറിയം വണങ്ങുകുന്നു. ഒടുക്കം ഒരു മഹാ ദ്രോഹിയെപ്പോലെ കുരിശിൽ തൂങ്ങിക്കിടക്കുന്ന തന്നെ പരിശുദ്ധരിൽ പരിശുദ്ധനായി, നിത്യപിതാവിൻ ഏകപുത്രനായി മറിയം ഏററു പറയുന്നു. ഇനിയും പോരാ; ത്രോണോസുകളിന്മേൽ കണ്ടിരുന്ന അനുഗ്രഹിക്കപ്പെട്ട അപ്പനുറുക്കിനെ, മറിയം തന്റെ തിരുക്കുമാരനായും ത്രിത്വൈക സൎവ്വേശ്വരനായും ദണ്ഡനമസ്കാരം ചെയ്യുന്നു. മറിയത്തിന്റെ ദൈവവിശ്വാസത്തിന്റെ പ്രകരണങ്ങൾ, സമുദ്രത്തിലെ ജലബിന്ദുക്കളേയും ഭൂമിയിലെ മണൽത്തരികളേയും കവിഞ്ഞു, എന്നു തോന്നുമാറു, അത്ര അസംഖ്യമാകുന്നു. ഇപ്രകാരമുള്ള വിശ്വാസസാഗരം, എങ്ങിനെ രാജ്ഞി അകാതിരിക്കും? ഈ രഹസ്യം അതായതു മനുഷ്യാവതാരം, സൃഷ്ടിക്കപ്പെട്ട സൎവ്വപ്രകൃതികളേയും ഉല്ലംഘിക്കുന്നതാകയാൽ, ആഴംകൊണ്ടും ഉന്നതികൊണ്ടും, മറിയം വിശ്വാസമെന്ന പുണ്യത്തിൽ രാ ആയിത്തീൎന്നു. “പരിശുദ്ധാരൂപി നിന്റെമേൽ എഴുന്നരുളുകയും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നഴലിക്കയും ചെയ്യും. അതുകൊണ്ടു നിന്നിൽ നിന്നു ജനിപ്പാനിരിക്കുന്ന പരിശുദ്ധമായതു, ദൈവത്തിൻ പുത്രനെന്നു വിളിക്കപ്പെടും” എന്ന ഈ അരുളപ്പാടിനെ ദൈവജനനി ദൃഢമായി വിശ്വസിച്ചപ്പോൾ, ത്രിത്വത്തിൻ മഹാരഹസ്യത്തേയും, മനുഷ്യാവതാരത്തിൻ രഹസ്യങ്ങളേയും, പഴയ നിയമത്തിലും പുതിയനിയമത്തിലും ദൈവം പ്രവൃത്തിച്ചതും, ഇനി പ്രവൃത്തിപ്പാനിരിക്കുന്നതുമായ, സകല അത്ഭുതകൃത്യങ്ങളേയും, ഈ യുവതിയായ കന്യക, ഏററുപറഞ്ഞനുസരിച്ചു എന്നതിന്നു, യാതൊരുസന്ദേഹവുമില്ല. തന്റെ ചെറിയ ബോധത്തിനഗ്രാഹ്യമെങ്കിലും, “എന്തുകൊണ്ടെന്നാൽ ദൈവത്തിനു യാതൊരു കാൎയ്യവും അസാദ്ധ്യമല്ല,” എന്നുള്ള ഗബ്രിയേലിന്റെ സ്ഥിരീകരണം മൂലം, ദൈവികമായ വിശ്വാസസത്യങ്ങളുടെ സാഗരവും, ഈ കന്യ

ക ആയിച്ചമഞ്ഞു. ഇതിനാൽ പരിശുദ്ധാത്മാവ് എലിസബെത്തിൻെറ നാവുകൊണ്ടു ഇപ്രകാരം അരുളിച്ചെയ്യുന്നു. "പിന്നെയും വിശ്വസിച്ചവളായ നീ ഭാഗ്യവതി, എന്തുകൊണ്ടെന്നാൽ, കർത്താവിനാൽ നിന്നോടരുളിച്ചെയ്യപ്പെട്ടവ നിവൃത്തിയാകും." (Luk 1. 45.)

ഈ വിശ്വാസപ്രകടനമാണ് സ്വർഗ്ഗീയ കിരീടം മറിയത്തിൻെറ ശിരസ്സിൽ വച്ചതു. ഇതിനാൽ തന്നെയാണ്, മറിയം സൂര്യാംബരത്താൽ ഉടുപ്പിക്കപ്പെട്ടതു്. ഈ ഇളകാത്ത ദൈവവിശ്വാസമാണ്, മറിയത്തെ ത്രിലോകരാജസ്ത്രീയുടെ ഉന്നതസിംഹാസനത്തിൽ ഉയൎത്തിയിരുത്തിയതു്. (തുടരും.)

ഫാദർ ജോസഫ് തറയിൽ,

## സുഭാഷിത ഗ്രന്ഥാഭിപ്രായം.

ദിവ്യശ്രീ ക. നി. മൂ. സ. എമ്മാനുവേൽഅച്ചൻ അവർകൾക്ക്, ചെത്തിപ്പുഴ.

1 ലളിതപദ്യ സുഭാഷിത ഭാഷയെ—
തെളിവകംകവിയുംപടിനോക്കിഞാൻ
കുളിരനോപമമിക്കൃതിപേർത്തുമുൾ-
ത്തളിരിലേവനുമേകുമസംശയം.

2 സുധികളേകമനസ്സൊടു വാഞ്ഛവോ—
രധികമേന്മകലൻ്ന സുഭാഷിതം
അധിപതിസ്സുമതിൻപടി ദീനനും
നിധികണക്കഴിവറെറാരു വിത്തമാം.

3 മതിമയക്കമമന്ദമകന്നു സൽ—
ഗതിലഭിപ്പതിനൊത്തവിധം നരൻ
ക്ഷിതിയിൽവാണിടുവാൻശരിയോടുമീ—
കൃതിയിലുണ്ടുപദേശമനല്പമായ്.

4 ഭുവനവിശ്രുതമാകുമിതിൽപ്പെടും
പ്രവരമാമുപദേശമശേഷവും
അവസരോചിതമാണവതീർച്ചയാ—
യവധിയററരുളും തെളിവേവനും.

5 നരകുലത്തിനു ദുഷ്കൃതമാം ഭയ—
ങ്കരതമസ്സു നിറഞ്ഞ ധരിത്രിയിൽ
പരമദീപസമാനമജസ്രമീ—
സ്സരസമാംകൃതി നേർവഴി കാട്ടിടും.

6 നെറിവുശേമുഷി നീതിവിവേകമൻ—
പറിവുദാരതതൊട്ടുഗുണോല്ക്കരം
ചെറിയവൎക്കുളവാൻ കവനങ്ങളി—
ത്തറിയിലുള്ളവ മേത്തരമെത്രയും.

7 കൊടിയ തിന്മകളിൽപ്രതിപത്തിയാ—
യടിപിഴച്ച യുവാക്കളനന്തരം
മുടിവുതേടുവതിന്നിടയായിടാ—
പ്പടി തുണച്ചിടുമീവിധമാം കൃതി.

8 പരഗുണത്തിനു ദീക്ഷവഹിസ്സുമ—
ങ്ങുരവെടും കവനങ്ങൾ നിമിത്തവും
ധരയിലേറെ ഗുണങ്ങളുതിർത്തിടാൻ
പരമനീശനനുഗ്രഹമേകണം.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## അശൗചം അഥവാ ദൈവത്തിൻെറ വഴികൾ.

(ഒരു ചെറുകഥ.)

ദൈവം നമ്മെ വല്ലതായി അനുഗ്രഹിച്ചിരിക്കുന്നുവെന്നുള്ളതിന് രണ്ടുപക്ഷമില്ല.

"അതു വാസ്തവംതന്നെ, നമ്മുടെ കാര്യങ്ങളെല്ലാം ശുഭമായിരിക്കുന്നു. ഇപ്പോൾ ഞാൻ മരിക്കയാണെന്നുവരികിലും, ഭവതിക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും, സുഖമായി കാലക്ഷേപം കഴിക്കുവാനുള്ള സമ്പത്ത് നമുക്കിപ്പോളുണ്ടു്. നമ്മുടെ കൊച്ചു കുട്ടികളുടെ മേലും, ദൈവത്തിൻെറ മഹദനുഗ്രഹം കാണ്മാനുണ്ടു്. അവരോരുത്തരും ഈ വീടിൻെറഅലങ്കാരം തന്നെ. മനുഷ്യരുടെയും ദൈവത്തിൻെറയും മുമ്പാകെ അവർ ഒന്നുപോലെ സുശീ

ലരും സഹപാഠികൾക്കും എല്ലാ സൽഗുണങ്ങൾക്കും അവർ ഉത്തമ മാതൃകകളുമാണെന്നും, ദേവാലയ ശുശ്രൂഷിയാകുവാൻ അവരിലാർക്കെങ്കിലും മനസ്സുണ്ടെങ്കിൽ സസന്തോഷം സ്വീകരിക്കുന്നതിനു സന്നദ്ധനാണെന്നും, റാബിബേൽ ഇസ്രായേൽ ഇന്നു കാലത്ത് എന്നോടു പറഞ്ഞു. റാബി മഹാ ദയാലുതന്നെ സംശയമില്ല. നമ്മുടെ സീമന്ത പുത്രനായ യൌസേപ്പ് അസാധാരണ ബുദ്ധിമാനാണെന്നു തോന്നുന്നു. ഇക്കൊല്ലത്തെ പെസഹാസ്സ് അവനെക്കൂടി എനിക്ക് കച്ചവടത്തിനു കൊണ്ടുപോകണം" എന്നു മികായാസ് പറഞ്ഞു.

ഇതിനു ശോശമ്മ പറഞ്ഞ സമാധാനം ഇപ്രകാരമായിരുന്നു. "ദൈവത്തിനു സ്തുതിയായിരിക്കട്ടെ. നാം തമ്മിൽ യാതൊരു കലഹവും കൂടാതെ അന്യോന്യ മൈത്രിയിലും പരസ്പര വിശ്വാസത്തിലും കഴിയുന്നത് അദ്ദേഹത്തിന്റെ കാരുണ്യാതിരേകം കൊണ്ടല്ലയോ? ഞാനറിയുന്നതെല്ലാം ഭവാനും, അങ്ങ് അറിയുന്നതെല്ലാം ഈയുള്ളവരും അറിഞ്ഞിരിക്കുന്നു. നാം ദൈവത്തെ ഒരുമിച്ചാരാധിക്കുന്നു. നമ്മെ പീഡിപ്പിക്കത്തക്ക വലിയ പാപങ്ങളൊന്നും നമുക്കില്ല."

ഈ വർത്തമാനം മികായാസിനെ അസ്വസ്ഥചിത്തനാക്കി. അവൾ വിചാരിച്ചിരുന്നതുപോലെ അല്ലായിരുന്നു സംഗതികളുടെ വാസ്തവം. കച്ചവടകാര്യങ്ങൾ സംബന്ധിച്ചും, ധനാർജ്ജന വിഷയകമായും പല രഹസ്യങ്ങളുമുണ്ടായിരുന്നു. ഇവയെ തന്റെ ഭാര്യയോട് അയാൾ ഒരിക്കലും പറഞ്ഞിട്ടില്ല. ദേവാലയത്തിൽ ചെന്നു പ്രാർത്ഥിക്കുന്ന അവസരങ്ങളിൽ വസ്തുക്കളുടെ ഓർമ്മ പലപ്പോഴും അയാളെ പീഡിപ്പിക്കാതിരുന്നില്ല. അവയുടെ സമ്പാദന മാർഗ്ഗം ന്യായരഹിതമായിരുന്നു. എങ്കിലും ഓരോ ഒഴികഴിവുകൾ പറഞ്ഞ് അയാളുടെ മനസ്സാക്ഷിയെ വഞ്ചിച്ചുവന്നു. "ദൈവം പെട്ടെന്നുണ്ടോ ശിക്ഷിക്കാൻ പോകുന്നു! എത്രപേർ അന്യരുടെ വസ്തുക്കൾ യാതൊരു പ്രതിഫലവും കൊടുക്കാതെ കരസ്ഥമാക്കുന്നു! എത്രപേർ കവർന്നെടുക്കുന്നു! എത്രപേർ അയൽക്കാരുടേതെന്നുവേണ്ടാ, സ്വന്ത സഹോദരന്മാരുടെപോലും സകല വസ്തുക്കളും അന്യായമായി അനുഭവിക്കുന്നു! ലോകരെ ബോധിപ്പിക്കാൻ പിന്നീടു കൊടുത്തുകൊള്ളുമെന്നു പറഞ്ഞുകൊണ്ടും, എന്നാൽ യഥാർത്ഥത്തിൽ ഒരിക്കലും കൊടുക്കാതെയും എത്രയോപേർ കഴിച്ചുകൂട്ടുന്നു! എന്റെ സകല പാപങ്ങൾക്കും പൊറുതി കിട്ടുന്നതിനായി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നതാണ് നിശ്ചയം" എന്നെല്ലാമായിരുന്നു അയാളുടെ വിചാരഗതി.

ഇത്രയേറെനേരം മികായാസ് ചിന്താമഗ്നനായിരിക്കുന്നതുകണ്ട് ശോശമ്മ പറഞ്ഞു. "അങ്ങു വളരെ ക്ഷീണിച്ചിരിക്കുന്നല്ലോ, നടന്നു വിഷമിച്ചിട്ടായിരിക്കാം. കാല് ഒന്നു കഴുകാം. എല്ലാം സുഖപ്പെടും" എന്നു പറഞ്ഞുകൊണ്ട് അവൾ അടുക്കളയിലേക്കു പോയി. വലിയ താമസംകൂടാതെ ഒരുകുടം ചൂടുവെള്ളവും, ഒരു തട്ടവും തോർത്തും എടുത്തുകൊണ്ട് ശോശമ്മ മടങ്ങി, മികായാസിന്റെ കാലിൽ കിടന്നിരുന്ന ചെരിപ്പു അഴിച്ചുനീക്കിയതിന്റെശേഷം, അയാളുടെ പാദങ്ങൾ രണ്ടും തട്ടത്തിൽവച്ച് അവൾ വെള്ളം ഒഴിച്ചു. തന്റെ അവിവേകത്തെ ഓർത്തു ഉത്തരക്ഷണത്തിൽ അവൾ നിലവിളിച്ചു. "അയ്യോ! അങ്ങേയുടെ പാദങ്ങളെ ഞാൻ പൊള്ളിച്ചുവല്ലോ! വെള്ളം തിളച്ചുകിടന്നിരുന്ന കഥ ഞാൻ തീരെ വിസ്മരിച്ചുപോയി. ഒ! ദൈവമേ! ഞാനിനി എന്തു ചെയ്യേണ്ടു?" മികായാസിനാകട്ടെ ഭാര്യയുടെ സംഭ്രമഹേതു മനസ്സിലായതേ ഇല്ല; അയാൾ യാതൊരു വേദനയും അനുഭവിച്ചില്ല. മികായാസ് പാദങ്ങൾ വെള്ളത്തിൽനിന്നും പുറത്തെടുത്തു നോക്കിയപ്പോൾ അവ പൊള്ളിച്ചുവന്നിരിക്കുന്നതായി കണ്ടു. പിന്നെയെന്തുകൊണ്ടാണ് അയാൾക്കു ലേശംപോലും വേദന ഉണ്ടാവാഞ്ഞതു? മിന്നൽക്ഷണത്തിൽ ഒരേ വിചാരംതന്നെ ഇരുവരേയും ബാധിച്ചു— കുഷ്ഠം ഈ ഭയങ്കര വ്യാധിയുടെ നിസ്സംശയ ലക്ഷണമാണ് വേദന ഇല്ലായ്മ.!! മികായാസും ശോശമ്മയും കൂടി പൊള്ളിയ കാലുകളെ സൂക്ഷ്മമായി പരിശോധിച്ചു. തൽഫലമായി മികായാസ് തരളപാണികളോടുകൂടി ത

ൻെറ കണ്ണുകളുടെ മുകളിലായി ഒരു വെളുത്ത പാണ്ട് ഭാര്യയെ കാണിച്ചുകൊടുത്തു. ഈ പാണ്ട് ഇതിനുമുമ്പ് ഒരിക്കലും മിക്കയാസ് കണ്ടിരുന്നില്ല. അവിടത്തെ തൊലി സ്വല്പമൊന്നു വിളറിയും കുഴിഞ്ഞും കാണപ്പെട്ടു. അവൻ ഗദ്ഗദസ്വരത്തിൽ പറഞ്ഞു. "നോക്ക് രോമംകൂടി വെളുത്തുപോയല്ലൊ! അയ്യോ! അതുതന്നെയാണൊ ഇതു? അതുതന്നെയാണോ? ഓ! ദൈവമേ! പാപിയായ എന്നെ തുണ്ണാക്കണമെ!"

കാന്തൻെറ കാലേൽ കണ്ട പാണ്ട് സാക്ഷാൽ കുഷ്ഠം തന്നെയായേക്കുമൊയെന്നുള്ള വിചാരം, ശോശമ്മയെ ഭയവിഹ്വലയാക്കി. കുഷ്ഠം പിടിപെടുന്ന ആളുകളുടെ കഷ്ടാനുഭവങ്ങളും പ്രസ്തുത വ്യാധിക്കാരെ സംബന്ധിച്ചുള്ള എത്രയും കശ്നമായ നിയമങ്ങളും ഓർത്ത് അവൾ പൊട്ടിക്കരഞ്ഞുപോയി. ഏങ്ങിഏങ്ങി കരഞ്ഞുകൊണ്ടാണെങ്കിലും, ആ സ്വാധി സ്വഭർത്താവിനെ സമാശ്വസിപ്പിക്കുന്നതിനുവേണ്ടി സന്തോഷഭാവം നടിച്ചുകൊണ്ടും, കാല്യകളെ സാവധാനം തുടച്ചുകൊണ്ടും പറഞ്ഞു. "ഇതു അതല്ല ഭർത്താവേ! ദൈവം നമുക്കിതിനിടവരുത്തുകയില്ല. നാം ഒരുത്തരുടെയും മുതൽ അപഹരിച്ചിട്ടില്ല. നമ്മുടെ വസ്തുവകകൾ സംബന്ധിച്ച് നമുക്ക് യാതൊരു 'ഉത്തരിപ്പുകട'വുമില്ല. അതിനാൽ ഒട്ടും സംശയിക്കേണ്ട."

ചൂടുവെള്ളവും കൊണ്ട് ശോശമ്മ അടുക്കളയിൽനിന്നു വന്നപ്പോൾ വാതുക്കൽ ആരുടെയോ ഒരു ഛായ പ്രത്യക്ഷപ്പെട്ടതുപോലെ തോന്നി. പക്ഷെ അപ്പോൾ അത്ര വകവച്ചില്ല. ശോശമ്മയുടെ നിലവിളി കേട്ടുകൊണ്ട്, ആ വഴി കടന്നുപോയിരുന്ന യോനാസ് കാരണമറിവാനായി എത്തിനോക്കിയതായിരുന്നു. നടന്ന സംഭവങ്ങളും അവരുടെ സംഭാഷണങ്ങളുമെല്ലാം അയാൾ കേട്ടു. മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു സംതൃപ്തി അയാളുടെ ഉള്ളിൽ തോന്നി. മിക്കയാസ്, അയാളുടെ ശത്രുവായിരുന്നു. അതിനാൽ മിക്കയാസ്, കുഷ്ഠരോഗബാധിതനായാൽ അയാളെ പിന്നെ ഭയപ്പെടേണ്ടതില്ല അയാളുടെ വാണിജ്യ സാമർത്ഥ്യങ്ങളും, ധനസമൃദ്ധിയും തൻെറ വിജയത്തിന് പ്രതിബന്ധമായി നിൽക്കയില്ല. ഈ വിചാരങ്ങൾ യോനാസിൻെറ മനസ്സിൽകൂടി കടന്നുകൊണ്ടിരിക്കവെ, മിക്കയാസും ശോശമ്മയും, മുമ്പിൽ മിന്നായംപോലെ കണ്ടതും പിന്നീടു വിസ്മരിച്ചതും ആയ ഛായ വീണ്ടും അവർ കണ്ടു. രണ്ടുപേരും ദ്രുതഗതിയിൽ തിരിഞ്ഞുനോക്കി. ഛായ ഇന്നയാളിൻെറതാണെന്ന് അവർക്കു മനസ്സിലായപ്പോൾ അവർ 'കൈകടിച്ചു.' ശോശമ്മ ധൈര്യത്തെ അവലംബിച്ചുകൊണ്ടു പറഞ്ഞു. 'സാരമില്ല, എൻെറ ഭർത്താവിൻെറ കാല് സ്വല്പമായൊന്നു പൊള്ളി. അത്രയേ ഉള്ളൂ. അതു ശമിക്കുവാൻ കുറെ എണ്ണ പുരട്ടുന്ന താമസമേ വേണ്ടു. 'ശരിയാണ്' യോനാസ് ദ്വയാർത്ഥത്തിൽ പറഞ്ഞു. 'പക്ഷെ മിക്കയാസിനു വേദനയുണ്ടായില്ലല്ലൊ' യോനാസിനെപ്പിന്നെ അവിടെ കണ്ടതേയില്ല. അന്നു വൈകുന്നേരം ഒരു ശിപായി മിക്കയാസിൻെറ വീടിനെ ലാക്കാക്കി ത്വരതയോടെ നടക്കുന്നു. 'സിനഗോഗി'ലെ ദൂതന്മാരുടെ ഉടുപ്പുകളാണ് അവൻ അണിഞ്ഞിരുന്നത്. അവൻ വീട്ടിലെത്തി; ശോശമ്മയുടെ ഭീതി വാചാമഗോചരമെന്നേ പറയേണ്ടതുള്ളൂ.

മിക്കയാസ് കുഷ്ഠരോഗബാധിതനായിരിക്കുന്നു എന്നുള്ള വിവരം, ദൈവദികസംഘാദ്ധ്യക്ഷന് അറിവുകിട്ടിയിരിക്കുന്നുവെന്നും തന്നിമിത്തം അയാൾ സംഘത്തിൽ ഹാജരാകേണ്ടിയിരിക്കുന്നുവെന്നുമുള്ള കല്പന ദൂതൻ വായിച്ചു. ശോശമ്മ ഭർത്താവിൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു വാവിട്ടു നിലവിളിതുടങ്ങി. കുട്ടികൾ കാര്യമൊന്നുമറിഞ്ഞുകൊണ്ടല്ലെങ്കിലും അമ്മ കരയുന്നതുകണ്ട് അവരും നിലവിളി തുടങ്ങി. നിർദ്ദയനായ ശിപായിയാകട്ടെ മിക്കയാസിൻെറ ഗാഢാലിംഗനത്തിൽനിന്നും, ശോശമ്മയെ ബലത്താൽ വിടിർത്തിയുംവച്ച് പുള്ളിയേയും കൊണ്ടു നടയായി. ഭാര്യയും കുഞ്ഞുങ്ങളും എങ്ങനെയാണ് അനുഗമിക്കാതിരിക്കുക? അവരും പിറകെ നടകൊണ്ടു. ഈ കാഴ്ച, മർമ്മപീഡാകരമായിരുന്നുവെന്നേ പറയാനുള്ളൂ,

കുററാളിയും ശിപായിയും സിനഗോഗിനകത്ത് പ്രവേശിച്ചു. ഭാൎയ്യയും മക്കളും പടിവാതുക്കലും നിലയായി. മോശയുടെ നിയമപ്രകാരമുള്ള അത്ര സൂക്ഷ്മമായ ഒരു പരിശോധനയാണ് വൈദികൻ കഴിച്ചത്. കാൽമണിക്കൂറുകൊണ്ട് മിക്കയാസ് കുഷ്ഠരോഗിയാണെന്നു തെളിഞ്ഞു. ഭാൎയ്യയും മക്കളും വിവരമറിയാതെ അത്യുൽക്കണ്ഠയോടെ സിനഗോഗിന്റെ വാതുക്കൽ നിന്നു മടുത്തു. തത്സമയം മുണ്ഡശിരസ്സനായി പ്രത്യേക രീതിയിലുള്ള വസ്ത്രധാരണത്തോടു കൂടിയവനായി വായ് വസ്ത്രംകൊണ്ടു മറച്ചു 'അശൌചം! അശൌചം!' എന്നു വിളിച്ചുപറഞ്ഞുകൊണ്ട് ഒരാൾ ദ്രുതഗതിയിൽ ഇറങ്ങിപ്പോകുന്നതു കാണാറായി. ഈയാൾ ആരായിരിക്കാം? ശോശമ്മ ചിന്താഗ്രസ്ഥയായി സ്വല്പനേരം നിന്നു. ഉത്തരക്ഷണത്തിൽ അവൾക്കു കാൎയ്യം മനസ്സിലായി. ഈ ബീഭത്സ സ്വരൂപം തന്റെ സ്വന്തം മിക്കയാസിന്റേതായിരുന്നു. അതറിഞ്ഞപ്പോൾ അവൾ വാവിട്ടു നിലവിളിച്ചു എന്നു മാത്രമല്ല, നഗര കാവൽക്കാരൻ തടഞ്ഞില്ലായിരുന്നുവെങ്കിൽ സ്വസന്താനങ്ങളോടുകൂടി അവൾ അയാളെ അനുഗമിക്കുമായിരുന്നു. യൂദസഭായോഗത്തിന്റെ പടിവാതുക്കൽ ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്ന പുരോഹിതൻ ദേഷ്യപ്പെട്ടു പറഞ്ഞു. 'നിന്റെ കുട്ടികളെപ്പററി നിനക്കു ചിന്തയില്ലാത്തതെന്തുകൊണ്ട്? നിന്റെ ഭൎത്താവിന്റെ പാപങ്ങളുടെ പരിഹാരമായി ദൈവം അയാളെ ശിക്ഷിച്ചു. നിങ്ങളുടെ കുഞ്ഞുങ്ങളെ എന്തിന് അശുദ്ധിയാക്കുന്നു? നീ വീട്ടിൽ ചെന്ന് നിന്റെമേൽ അനുഗ്രഹമുണ്ടാകണെയെന്ന് ദൈവത്തോടു പ്രാൎത്ഥിക്കു. എല്ലായ്പ്പോഴും എല്ലാ കാൎയ്യത്തിലും ദൈവത്തോടു പ്രാൎത്ഥിക്കു. എല്ലായ്പ്പോഴും എല്ലാ കാൎയ്യത്തിലും ദൈവത്തെ സ്തുതിക്കയും ചെയ്യു."

ശോശമ്മ വീട്ടിലേക്കു മടങ്ങി വിശ്വാസപൂൎവ്വം ദൈവത്തോടു പ്രാൎത്ഥിച്ചു. തങ്ങളുടെ കുടുംബത്തെ സൎവ്വവിധൈശ്വൎയ്യത്തിന്റെയും വിളനിലമാക്കിയ ദൈവത്തോട് അന്നു കാലത്ത് അവൾ നന്ദിപ്രകടനം ചെയ്യായിരുന്നു. അദ്ദിനം ഇനിയും അവസാനിച്ചില്ല. അതിനുമുമ്പായി ഇതാ അവൎണ്ണനീയമായ ദുൎഭാഗ്യത്തിനു അവർ പാത്രമായി. (തുടരും.)

മററത്തിൽ കുൎയ്യൻ കത്തനാർ.

## കത്തോലിക്കാ സാഹിത്യ പ്രചാരമാൎഗ്ഗങ്ങൾ.

(സ. നാ.)

കത്തോലിക്കാ സാഹിത്യത്തിന്നു ജനസാമാന്യത്തിനിടയിൽ ഇന്നത്തേക്കാൾ കൂടുതൽ പ്രചാരം സിദ്ധിക്കേണ്ടതു ആവശ്യമാണെന്നു സിദ്ധാന്തിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. അതേ, കത്തോലിക്കാ സാഹിത്യം ഇനിയും കൂടുതൽ പ്രചാരത്തെ അവശ്യം അൎഹിക്കുന്നുണ്ട്. സഭയുടെ അഭിവൃദ്ധിക്കു ഈ പ്രചാരം അപേക്ഷണീയവുമാണ്. നമ്മുടെ ജനസാമാന്യം കത്തോലിക്കാഗ്രന്ഥങ്ങളുമായി പൂൎവ്വാധികം പരിചയപ്പെട്ടേ കഴിയൂ. ഇതിന്നുള്ള ചില മാൎഗ്ഗങ്ങളെപ്പററി ചിന്തിക്കുകയാണു ഈ ലേഖനപരമ്പരയുടെ ഉദ്ദേശം.

മതസംബന്ധമായ ഗ്രന്ഥങ്ങളുടെ പ്രയോജന പ്രാധാന്യത്തെ മനസ്സിലാക്കായ്കകൊണ്ടല്ല അധികം പേരും അവയെ വാങ്ങിച്ചു ഉപയോഗിക്കാതിരിക്കുന്നതു്; പിന്നെയോ, തദ്വിഷയത്തിൽ ജനസാമാന്യത്തെ പ്രേരിപ്പിക്കുന്നതിന്നുള്ള സാഹചൎയ്യങ്ങളുടെ അഭാവംകൊണ്ടാണ്. ഈ ന്യൂനതയെ സവിശേഷം പരിഹരിക്കുന്നതിന്നു പൎയ്യാപ്തമായ ഒരു മാൎഗ്ഗമുണ്ട്. ഓരോ എടവകയിലും ഒരു പുസ്തക വില്പനശാല തുറക്കുക. ഈ സ്ഥാപനം എടവകാധിനാഥന്മാരായ വന്ദ്യപുരോഹിതന്മാരുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലുമാണെങ്കിൽ വിശേഷ ഫലത്തെ ചെയ്യും. കത്തോലിക്കാ സംഘങ്ങൾ ഉള്ളേടത്തു അവയുടെ ആഭിമുഖ്യ

ത്തിലായാലും വിരോധമില്ല, മതസംബന്ധകങ്ങളായ ലഘുലേഖകളും ഗ്രന്ഥങ്ങളും ഈ ശാലകളിൽ ധാരാളമായി ശേഖരിക്കുക. സാധാരണക്കാർക്കു ഉപയോഗയോഗ്യമാകത്തക്കവിധം ഭാഷാകാഠിന്യം കുറഞ്ഞവയും ആർക്കും നിഷ്പ്രയാസം വാങ്ങിക്കുവാൻ സാധിക്കുമാറു വിലക്കുറവുള്ളവയുമായിരിക്കണം വില്പനയ്ക്കുള്ള അധികം സാധനങ്ങളും. ലഘുലേഖകൾക്കു ഇക്കൂട്ടത്തിൽ പ്രത്യേകം പ്രാധാന്യം അനുവദിക്കേണ്ടതുമാണ്.

കത്തോലിക്കാ സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന്നു ഈ പുസ്തകവില്പന ഏർപ്പാടു ഒരുത്തമ മാർഗ്ഗമായിരിക്കും. തങ്ങൾ എഴുതുന്ന ലഘുലേഖകളും മററും ഇടവകകൾതോറുമുള്ള പുസ്തകവില്പനശാലകൾമുഖേന പൊതുജനങ്ങൾ സസ്വാഗതം സ്വീകരിക്കുന്നുണ്ടെന്നു അവർക്കു ബോദ്ധ്യം വരുമ്പോൾ നവംനവങ്ങളായ സാഹിത്യോദ്യമങ്ങളിൽ അവർ ധൈര്യപൂർവ്വം ഏർപ്പെട്ടുകൊള്ളുമെന്നുള്ളതിൽ ലേശവും സംശയിക്കാനില്ല. ആകയാൽ നമ്മുടെ സാഹിത്യകാരന്മാരുടെ മൗനാവലംബനത്തെ ഭഞ്ജിക്കുന്നതിന്നും കത്തോലിക്കാ ഗ്രന്ഥങ്ങൾക്കു അഭൂതപൂർവ്വമായ പ്രചാരത്തെ സാധിക്കുന്നതിന്നും പ്രസ്തുത വില്പനശാലകൾ പര്യാപ്തങ്ങളായി ഭവിക്കുമെന്നു സ്പഷ്ടമാണല്ലൊ. എന്നാൽ ചിലേടങ്ങളിൽ ആരംഭഘട്ടത്തിൽത്തന്നെ ഈ ഏർപ്പാടു ജയോന്മുഖമാവാതെവരാം. ഏതാനും ആഴ്ചവട്ടങ്ങളോളം ആരും ഒന്നുംതന്നെ വാങ്ങിക്കാതിരിക്കാം. പക്ഷെ, ഒരുകാര്യം നിശ്ചയമാണ്. ആയതു സാധാരണന്മാർ കേവലം കൗതുകത്തിന്നായിട്ടെങ്കിലും നമ്മുടെ പുസ്തകവില്പനശാലയ്ക്കു ചുററും വട്ടംകൂടി നില്ക്കുമെന്നുള്ളതാണ്. ശരി, ആരംഭത്തിൽ അത്രമാത്രമായാലും മതി. പലർക്കും പുസ്തകങ്ങളുടെ പേരെങ്കിലും നോക്കിമനസ്സിലാക്കുന്നതിന്നു ജിജ്ഞാസയുണ്ടായിരിക്കും. നല്ല മനസ്സുള്ള ചിലരെല്ലാം ആദ്യമാദ്യം വല്ല പുസ്തകങ്ങളും വാങ്ങിത്തുടങ്ങും. ക്രമേണ മററു പലരും ഇവരെ അനുകരിക്കാതിരിക്കയുമില്ല. ചുരുക്കിപ്പറയാം ആഴ്ചതോറും ഓരോ ചെറിയ ഗ്രന്ഥമെങ്കിലും ഓരോ ക്രിസ്ത്യകുടുംബത്തെ അലങ്കരിക്കും. തദ്വാരാ, ഒട്ടെല്ലാ കുടുംബങ്ങളിലും ഒരു കത്തോലിക്കാ ഗ്രന്ഥസഞ്ചയം അചിരേണ രൂപീകരിക്കപ്പെടുകയും ചെയ്യും.

ഇനി പ്രസ്താവിക്കുവാനുള്ള ചില സംഗതികളെ നടപ്പിൽ വരുത്തുവാൻ കത്തോലിക്കാ സംഘങ്ങളുടെ സാഹായ്യം അത്യാവശ്യമാകയാൽ ഏതാദൃശങ്ങളായ സംഘങ്ങളുടെ സ്ഥാപനം തന്നെ നമ്മുടെ സാഹിത്യപ്രചാരത്തിന്നുള്ള രണ്ടാമത്തെ മാർഗ്ഗമായി നിർദ്ദേശിക്കാം. ഒരു കത്തോലിക്കാ സംഘത്തിന്നു മതസംബന്ധകവും സാമൂഹ്യവും രാഷ്ട്രീയവുമായ പലേ ഉദ്ദേശ്യങ്ങൾ ഉണ്ടാവാം. ഇവയിൽ മതസംബന്ധകമായ ഉദ്ദേശ്യമാണു പ്രാമുഖ്യതയെ അർഹിക്കുന്നതു്. കത്തോലിക്കാ സഭയെ ലോകസമക്ഷം പ്രചരിപ്പിക്കുന്നതിന്നും അവളുടെ മേൽ ദൈനംദിനം ചുമത്തപ്പെട്ടുകൊണ്ടിരിക്കുന്ന വിവിധങ്ങളായ ദോഷാരോപണങ്ങളെ നിരോധിക്കുന്നതിന്നും കത്തോലിക്കരുടെ ജീവിതരീതിയെ വിശുദ്ധീകരിക്കുന്നതിന്നും എന്നുവേണ്ട പവിത്രങ്ങളായ പലേ പരിശ്രമങ്ങളും മതസംബന്ധകമായ പ്രസ്തുതോദ്ദേശ്യത്തിൽ അന്തർഭവിച്ചിട്ടുണ്ടു്. നിർദ്ദിഷ്ടങ്ങളായ ഈസംഗതികളിൽ ഓരോന്നിൻെറയും നിർവ്വഹണത്തിന്നു കത്തോലിക്കാ സാഹിത്യത്തിൻെറ ആവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ്. ആകയാൽ കത്തോലിക്കാ സംഘങ്ങളുടെ ഉദ്ദേശ്യക്കോടിയിൽ നമ്മുടെ സാഹിത്യപ്രചാരമാർഗ്ഗങ്ങൾക്കു അനുവദിക്കേണ്ട സ്ഥാനം ഒട്ടും അപ്രധാനമായിരിക്കാൻ പാടില്ലതന്നെ. ഈ മാർഗ്ഗങ്ങളെ വിവരിക്കുന്നതിന്നുമുമ്പു ഇടവകകൾതോറും ഓരോ കത്തോലിക്കാ സംഘം സ്ഥാപിക്കേണ്ടതിന്നുള്ള അവശ്യാവശ്യകതയെ ഇവിടെ സിദ്ധവല്ക്കരിച്ചുകൊള്ളട്ടെ.

കെ. എ. പോൾ.

# കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

## കാൎയ്യം നിശ്ചയം, നേരം നിശ്ചയമില്ല.

പ്രിയ കുഞ്ഞുങ്ങളേ! കുറേ വൎഷങ്ങൾക്കുമുമ്പു ഒരു വലിയ ആഴ്ച്ചയുടെ അവസരത്തിൽ മംഗലാപുരത്തിന്നടുത്തുള്ള ഒരു പള്ളിയിൽ ഞാൻ താമസിക്കയായിരുന്നു. പങ്കപ്പാടിന്റെ ഓൎമ്മകളെല്ലാം പതിവുപോലെ അവിടെ കൊണ്ടാടി. അനന്തരം ഉയിൎപ്പു ഞായറാഴ്ച രാത്രിയിലെ കുർബാന കഴിഞ്ഞു ഒരു ചെറിയ പ്രസംഗവുമുണ്ടായിരുന്നു. "ഇതാ ഇപ്പോൾ എല്ലാം സന്തോഷംതന്നെ; എന്നാൽ ഇന്നു ഇവിടെ ജീവിച്ചിരിക്കുന്നവരിൽ ആരെല്ലാം നാളെയുണ്ടാകുമെന്നാൎക്കറിയാം" എന്നിങ്ങനെ ഒരു അമംഗള വാക്യവും പ്രസംഗമദ്ധ്യേ കേൾക്കപ്പെടുകയുണ്ടായി. ഈസ്റ്റർ ഘോഷങ്ങളെല്ലാം ഭംഗിയായി കഴിഞ്ഞുകൂടി. തിങ്കളാഴ്ച നാലുമണിയോടെ ആശ്വാസത്തിനായി ഞങ്ങൾ ഏതാനുംപേർ പുറത്തേയ്ക്കു നടക്കുന്നതിനായി പുറപ്പെട്ടു. കുറെ ദൂരം ചെന്നപ്പോൾ എന്തോ ഒരു സാധനം ഏതാനും ആളുകൾ ചേൎന്നു അകലെനിന്നു കെട്ടിയെടുത്തുകൊണ്ടു വരുന്ന ഒരു കാഴ്ചയാണു് ഞങ്ങളുടെ കണ്ണുകൾക്കു എത്തുപെട്ടതു്. അടുത്തു വന്നപ്പോൾ അതു ഒരു പ്രേതമായിരുന്നു എന്നു ഞങ്ങൾക്കു മനസ്സിലായി. ദേവാലയ ശുശ്രൂഷകൾക്കെല്ലാം സഹായിച്ചശേഷം ഉയിൎപ്പു ദിവസത്തിലെ കുർബാനയും പ്രസംഗവും കഴിഞ്ഞുപോയ പതിനെട്ടു വയസ്സു വരുന്ന സൽസ്വഭാവിയായ ഒരു ചെറുപ്പക്കാരൻ തിങ്കളാഴ്ച കാലത്തെ ഒരു കിണറു കുഴിക്കുന്നതിനായിപ്പോയി. മണ്ണു ചുമക്കുന്നതിനായിട്ടു സാധുവായ അവന്റെ അമ്മയും അവനോടുകൂടെ പോയിട്ടുണ്ടായിരുന്നു. കുഴിച്ചുകൊണ്ടു നില്ക്കയിൽ മണ്ണിടിഞ്ഞു അടിയിലേക്കു വീണു; കുട്ടി അതിനടിയിലായി. മുകളിൽ നിന്നിരുന്നവർ ഇറങ്ങിച്ചെന്നു മണ്ണു മാററിയപ്പോഴേക്കും അവൻ മരിച്ചുകഴിഞ്ഞു. മൃതശരീരം എടുത്തു മുകളിൽ വന്നുകണ്ടമാത്രയിൽ അവന്റെ അമ്മ ബോധരഹിതയായി വീണു. അവന്റെ ശരീരം ഒരു ചാക്കിൽ കെട്ടിയെടുത്തുകൊണ്ടു വേലക്കാർ വന്ന കാഴ്ചയാണു് മുകളിൽ കണ്ടതു്.

കഴിഞ്ഞ മൂന്നവസരങ്ങളിലായി ചില പ്രധാന സംഗതികളെപ്പററി നിങ്ങളോടു ഞാൻ പറഞ്ഞു കേൾപ്പിച്ചു. മനുഷ്യൻ ഈ ലോകത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നും, ആ ഉദ്ദേശം സാധിക്കുന്നതിനു സഹായിക്കുന്നിടത്തോളം മാത്രമേ ലോകത്തിൽ കാണുന്ന ഈ സൃഷ്ടികളെ അവനു ഉപയോഗപ്പെടുത്താവു പാടുള്ളുവെന്നും അതിനു വിരോധമായി സൃഷ്ടികളെ പ്രസാദിപ്പിക്കുന്നതിനായി സ്രഷ്ടാവിനെ വിട്ടുപോയാൽ അതു പാപമായിത്തീരുമെന്നും, പാപം ദൈവത്തിനു എത്ര അവമാനകരവും നമുക്കു എത്ര നാശകാരണവുമാണെന്നും നിങ്ങൾ ഇപ്പോൾ മനസ്സിലാക്കിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ നിത്യഭാഗ്യത്തെ നഷ്ടപ്പെടുത്തിക്കളയുന്നതിനു ഒരു ചാവുദോഷം വേണ്ടുവോളം മതി. അങ്ങനെയിരിക്കെ ഒരു ചാവുദോഷത്തിലായിരിക്കയിൽ മരണം വന്നു സംഭവിക്കയാണെങ്കിൽ അയ്യോ! എന്തൊരു നിർഭാഗ്യം!! എന്നാൽ ആ മരണം എപ്പോഴാണു ഓരോരുത്തനു സംഭവിക്കുന്നതെന്നു വല്ല നിശ്ചയവുമുണ്ടോ?

ഇതാ മേല്പറഞ്ഞ ആ ചെറുപ്പക്കാരനെതന്നെ നോക്കുക. ആ ഉയിൎപ്പുരാത്രിയിലെ പ്രസംഗത്തിൽ മരണത്തെക്കുറിച്ചു പട്ടക്കാരൻ അസംഗതിയായി പറഞ്ഞവചനങ്ങൾ അല്പമെങ്കിലും അവൻ ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമോ? മരണത്തെപ്പററി ഓൎക്കുന്നതിനുള്ള നേരം അതാണോ? ഉയിൎപ്പിന്റെ ആഘോഷ അവസരം. അവനോ നല്ല ചെറുപ്രായം. ഇനിയും എത്ര കാലങ്ങൾ കിടക്കുന്നു. എന്തെല്ലാം കാൎയ്യങ്ങൾ നടത്തേണ്ടതായിട്ടുണ്ടു്. എന്നെല്ലാമായിരിക്കും അവന്റെ വിചാരങ്ങൾ. എന്നാൽ എല്ലാം എത്ര പെട്ടന്നവസാനിച്ചുവെന്നു നോക്കുക.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ഈ സംഗതിയാണു് ഇന്നു നിങ്ങളുടെ ബോധത്തിൽ നല്ലപോലെ പതിച്ചു വിടുന്നതിനു ഞാനാഗ്രഹിക്കുന്നതു— നാം ഓരോരുത്തരും ഒരിക്കൽ മരിക്കണമെന്നുള്ള നി

ശ്ചയം. എന്നാൽ അതിൻെറ നേരമാകട്ടെ, വിധമാകട്ടെ, സ്ഥലമാകട്ടെ യാതൊരുത്തനും അറിഞ്ഞുകൂടാ. കള്ളനെപ്പോലെ മരണംവന്നു കയറുന്നു. വലിയവരെന്നോ ചെറിയവരെന്നോ ധനികരെന്നോ ദരിദ്രരെന്നോ അവനു യാതൊരു വ്യത്യാസവുമില്ല. ഇതിനാൽ എല്ലാവരും അവനെ ഭയപ്പെടുന്നു. മരണം എന്നുള്ള പേരു കേൾക്കുമ്പോൾതന്നെ എല്ലാവക്കും വലിയ പരിഭ്രമം. എന്നാൽ അവനെപ്പേടിച്ചതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. മരണത്തെ ജയിപ്പാൻ വല്ല വഴിയുമുണ്ടോ എന്നാണു് നമുക്കു നോക്കേണ്ടതു്.

മരണത്തെ ജയിപ്പാൻ ഒരേ ഒരു വഴിമാത്രമേയുള്ളു. അതു നിങ്ങൾക്കു ഞാൻ പറഞ്ഞുതരാം. അതായതു് എപ്പോഴും മരണത്തിനു ഒരുങ്ങിയിരിക്കുക. ഏതുനേരത്തു മരണം വന്നു പിടികൂടിയാലും ദൈവതിരുമുമ്പാകെ കാണപ്പെടുന്നതിനുള്ള ഒരുക്കത്തോടുകൂടെ ജീവിക്കുക; മനസ്സറിഞ്ഞുകൊണ്ടു ഒരു ചാവുദോഷത്തിനു ഒരിക്കലും ഇടം കൊടുക്കാതിരിക്കയും, നിർഭാഗ്യവശാൽ വല്ലതും വന്നുപോയാൽ പാട്ടപോലെ വേഗത്തിൽ കുമ്പസാരിച്ചു ദൈവേഷ്ടപ്രസാദം വീണ്ടു പ്രാപിക്കുകയും ചെയ്ക. ഈ കള്ളനെ ജയിപ്പാൻ ഈ വഴി മാത്രമേയുള്ളു. ഇതു നിശ്ചയമുള്ള വഴിയാണു താനും.

ഇങ്ങനെ ജീവിക്കുന്നവക്കു മരണം എന്താകുന്നു? വേല കഴിഞ്ഞു കൂലി വാങ്ങിപ്പാൻ പോകാനുള്ള നേരം; കണ്ണുനീരിൻെറ ഈ ലോകത്തിൽനിന്നു പരമാനന്ദത്തിൻെറ സ്ഥലത്തേക്കു പ്രവേശിപ്പാനുള്ള പടിവാതൽ! പുണ്യാത്മാക്കൾ ഈ നേരം എത്ര ആശയോടെ പ്രതീക്ഷിച്ചുകൊണ്ടുവന്നിരുന്നു. വി. യോഹന്നാൻ ബക്ക്മാൻസെന്ന ആ പുണ്യബാലൻ, മരണനേരം അടുത്തുവെന്നു ചെന്നറിയിച്ച ആളിനെ സന്തോഷാധിക്യത്താൽ പിടിച്ചു തഴുകി.

എന്നാൽ മരണത്തിനു ഒരുങ്ങാതെ— പിന്നെയാകാം, പിന്നെയാകാം എന്നുവച്ചു പാപവഴിയിൽതന്നെ നടക്കുന്നവക്കു്— അയ്യോ! ആ നേരം എത്ര ഭയങ്കരം! ആ നേരത്തു നല്ലവഴിക്കു തിരിയുന്നതിനും തമ്പുരാനോടു സമാധാനപ്പെടുന്നതിനും അവർ ശ്രമിക്കുന്നു. എന്നാൽ സാധിക്കുന്നില്ല. കടശി ശരണക്കേടിലേക്കു പിശാചു അവരെക്കൊണ്ടുപോയി വീഴിക്കയും ചെയ്യുന്നു. ഇങ്ങനെ, എപ്രകാരം ജീവിച്ചോ അപ്രകാരം മരിക്കുന്നു.

പ്രിയ കുഞ്ഞുങ്ങളെ! ആകയാൽ ഒരുങ്ങിയിരുന്നുകൊൾക. ചെറുപ്പമാണല്ലൊ എന്നു കരുതി നിങ്ങൾ മരണത്തേ ഓക്കാതെ നടക്കരുതു്. കള്ളനെപ്പോലെ, വിചാരിക്കാതിരിക്കുന്ന നേരത്തു അവൻ വന്നു പിടികൂടും. എപ്പോഴും ഒരുങ്ങിയിരിക്കുന്നവനു ഭാഗ്യം.

എൻെറ ദൈവമേ! ഇതെല്ലാം ഞാൻ വിശ്വസിക്കുന്നു. ചാവുദോഷത്തോടെയിരുന്ന വല്ലസമയത്തും ഞാൻ മരിച്ചിരുന്നെങ്കിൽ അയ്യോ ഞാനിപ്പോൾ എവിടെയായിരുന്നേനെ. അയ്യയ്യോ ഭയങ്കരം!! എൻെറ ആത്മാവേ! ഇപ്രകാരമുള്ള ബുദ്ധിഹീനത ഇനി നിനക്കു പിണയരുതേ. ദൈവേഷ്ടപ്രസാദത്തെ നഷ്ടപ്പെടുത്തിക്കൊണ്ടു ഉറങ്ങുവാൻ ഇനി നിനക്കു ഇടവരാതിരിക്കട്ടെ. എൻെറ ഈശോയേ! എങ്ങനെ ഞാൻ ജീവിക്കുമോ, അങ്ങനെ ഞാൻ മരിക്കയും ചെയ്യും. അതിനാൽ എൻെറ ഇപ്പോഴത്തെ ജീവിതത്തെ മാറ്റേണ്ടിയിരിക്കുന്നു. പാപത്തേയും പാപത്തിനടുത്ത അവസരങ്ങളേയുമെല്ലാം വിട്ടുപേക്ഷിപ്പാൻ ഞാനുറച്ചിരിക്കുന്നു. പരിശുദ്ധ മറിയമേ! എൻെറ അമ്മേ! ഇപ്പോഴും എൻെറ മരണനേരത്തും എനിക്കു വേണ്ടി തമ്പുരാനോടു പ്രാൎത്ഥിച്ചുകൊള്ളണമെ. സകല മോക്ഷവാസികളേ! നല്ലമരണം പ്രാപിപ്പാൻ തക്കവണ്ണം നല്ല ജീവിതംകഴിപ്പാൻ എന്നെ നിങ്ങൾ സഹായിപ്പിൻ! ആമ്മേനീശോ.

എന്നു് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

P. S. തിരുഹൃദയ വണക്കമാസം ആരംഭിച്ചിരിക്കുന്നു. കുററമില്ലാത്ത നല്ല കുട്ടികളെക്കൊണ്ടു തൻെറ തിരുഹൃദയം നിറപ്പാൻ ഈശോ ആഗ്രഹിക്കുന്നു. നിങ്ങളിൽ, ആ പരിശുദ്ധ ഹൃദയത്തിൽ കയറി വസിപ്പാൻ യോഗ്യതയുള്ളവർ ആരെല്ലാമുണ്ടു്? ഞാൻതന്നെ.

# കാനായിലെ കല്യാണവിരുന്ന്.

എന്നാളും പരിശുദ്ധയായമറിയം
നമ്മൾക്കമമദ്ധ്യസ്ഥയാ—
ണെന്നാദ്യം വെളിവാക്കിയോരുസുദിനം
"കല്യാണനാൾ"തന്നെയാം
അന്നാദാസരൊരുക്കിയേശുകൃപയേ—
പ്പാത്തങ്ങു പാത്രങ്ങൾ, നാ—
മിന്നാമട്ടുശരിപ്പെടുത്തുകമന—
സ്സെ,ന്നമ്മ ചൊല്ലുന്നിതാ.

ഫാദർ ജോസഫ് ഏണേക്കാട്ട്.

വേദാന്തത്തിൽനുതിച്ചിടും മഹിതമാം
കാനായിലെസ്സദ്യനാൾ
മാതാവിന്നഭിലാഷമൊത്തുസലിലം
വീഞ്ഞാക്കിയോരേശുതാൻ
പാദത്തിൽപണിയുന്ന ഞാൻ സവിനയം
പ്രാത്ഥിച്ചിടും സദരം
മോദംപൂണ്ടടനേകിനിത്യമിവനേ
കാക്കട്ടെതീക്കട്ടെമാൽ.

ക്രൂക്ക്മററം സ്ക്കറിയാ ഡീക്കൻ.

കല്യാണംഘോഷമാർന്നു, ചിതമൊടൊരുവിരു
ന്നേകനേകാൻ മുതിർന്നു,
കല്യാമോദംകലർന്നു, നരരനവധിയോ—
ടേശുവും വന്നുചേർന്നു;
കല്യാണേവീഞ്ഞുതീർന്നു, ഗൃഹപതിയിടിവെ
ട്ടേററമെട്ടമ്പരന്നു,
കല്യാവാക്കേശുചൊന്നു, ജലമുടനടിവീ
ഞ്ഞായ് ജനം തോഷമാർന്നു.

റവ: ജോസഫ്, കല്ലുങ്ങൽ, കാണ്ഡി.

കല്യാണീമണിമേരി,മററുപലരും
വന്നെത്തി കാനായിലെ—
കല്യാണത്തിനു, ശിഷ്യരോടുമൊരുമി—
ച്ചീശോയുമെത്തീടിനാൻ;
ഇല്ലാവീഞ്ഞ,തു തീർന്നു, മേരിവിവരം
ചൊന്നാശുചൊന്നേശുവോ—
ടെല്ലാമോർത്തുകനിഞ്ഞുവെള്ളമധുനാ
വീഞ്ഞാക്കിവിശേഷശരൻ.

കെ. ജോൺ കൈതക്കോട്ടിൽ.

വാനോർനായകനായിടുന്ന മിശിഹാ
തൻസന്നിധാനത്തിലാ—
ക്കാനായിൽ കുതുകാൽകഴിഞ്ഞൊരുവി
രുന്നാരിന്നുവർണ്ണിച്ചിടും
മാന്യതപംപരമാന്നൊരാപ്പെരുവിരു
ന്നിൽ തീർന്നുവീഞ്ഞെന്നൊരാ
മാനക്കേട്ടടയോനൊട്ടുക്കിയുടനാ
വെള്ളത്തെ വീഞ്ഞാക്കിതാൻ.

അനസ്താസിയാ, ജെ. കുരിശ്ശുങ്കൽ.

മാതാവിൻപിറകേ കനായിലെ മഹാ
മംഗല്യ ഘോഷത്തിനായ്
ജാതമോദമണഞ്ഞു തന്റെ ജനനീ
വാക്കിന്നു കീഴ്പെട്ടുടൻ
വീതാശങ്കമഹോ! വിരുന്നിനുദകം
വീഞ്ഞാക്കിയോരത്ഭുത—
ശ്രീതാവുംപദമെത്തമന്ന് മിശിഹാ
നമ്മെക്കടാക്ഷിക്കണം!

സി. എം. ദേവസ്യാ, അതിരമ്പുഴ.

പൊന്നുശാത്രമിയലുന്നൊരമ്മ, നിജശിഷ്യ
രെന്നിവരൊടേശുതാൻ
ചെന്നുചേൻജനമെത്രമാത്രമതിതുഷ്ട—
നായിഗൃഹനായകൻ
നന്നുവീഞ്ഞുജലമേന്തിനാഥനുളവാക്കി—
യത്ഭുതമഹോപരം
ചിന്നമാറുശുഭമായശേഷമധുനാ"വി—
രുന്നു" വിജയിപ്പതേ!

മുകളയിൽ ജോസഫ് വാദ്ധ്യാർ.

അന്നാ'ക്കാന'വിരുന്നിലൊട്ടുകുറവായ്
വീഞ്ഞെന്നറിഞ്ഞിട്ടതി—
'ന്നന്നാ'നന്ദന തന്റെ ദിവ്യസുതനോ
ടർത്ഥിച്ചുവത്തിക്കയാൽ
നന്നായംബു നിറച്ചൊരാറു കലശം
വീഞ്ഞാക്കിയീമട്ടുതാ—
നൊന്നാമത്ഭുതമൂലമംബവചനം
മാനിച്ചുമേരീസുതൻ.

ജോസഫ് പി. പുലിക്കോടൻ.

വെള്ളം വീഞ്ഞാക്കിലോകക്കമിതമഹിമയെ—
ക്കാട്ടി കാനായിൽ വച്ചി—
ട്ടുള്ളം നന്നായ് കുളിപ്പിച്ചഖിലജനനിയാം
മേരിതന്നാഗ്രഹംപോൽ
കള്ളംവിട്ടുള്ളോരൊന്നാമതിശയമിതിനാ—
ലേശുവേ! ലോകരംഗ—
ത്തുള്ളാദിവ്യൻ ഭവാനെന്നഖിലരുമൊരുപോൽ
ചിന്തചെയ്യുന്തരംഗേ.

ററി. കെ. വക്കി, ചേത്തല.

ശരണരഹിതമത്ത്യാലംബമാം മേരിപാരം
കരുണനിറയുമീശോയോടിരന്നാവിരുന്നിൽ
പുരുമധുരിമചേരും വീഞ്ഞുതീർന്നെന്നഖേദം
പരിചിനൊട്ടുദകംവീഞ്ഞാക്കിമാററുന്നുമുത്തായ്

സി. ജെ. മേരിദാസൻ, വാടയ്ക്കൽ.

കാനായിൽപ്രിയശിഷ്യരൊത്തുഗുരുവാം—
ശ്രീയേശുവാണിടവേ
കാണായീ ജനയിത്രി, തൻെറ സവിധേ
യഭ്യർത്ഥനം ചെയ്തിടാൻ
"പാനംചെയ്യതിനില്ല വീഞ്ഞു, മകനേ!"
എന്നോതി, യമ്മാത്രയിൽ
പീനാനന്ദമുദിക്കമാറു ജനനി
കംഭസ്സു വീഞ്ഞാക്കി താൻ.

പ്ലാക്കിയിൽ ജോൺ വാദ്ധ്യാർ.

ഉല്ലാസപ്രദമങ്ങനേകജനതാ
സാന്നിധ്യമുണ്ടായൊര—
കല്യാണത്തിന ക്രിസ്തുവിൻെറ മഹിമാ
വൊട്ടേറെ പ്രത്യക്ഷമായ്
ഇല്ലെന്നായിതുവീഞ്ഞു, തിങ്കൾ വിവശ—
ന്മാരാമവക്കത്ഭുതം
നല്ലോണം വരുമാറുവെള്ളമുടനേ
വീഞ്ഞാക്കി വിശേശപരൻ.

ടി. മാത്യു തിരുതാളിൽ.

ജൂലൈമാസം— "കർമ്മലനാഥ".

## കുറിപ്പുകളും വത്തമാനങ്ങളും

അടുത്ത ദിവ്യകാരുണ്യ മഹാസംഘം ൧൯൨൮-ൽ റോമ്മായിൽ കൂടുന്നതിന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു.

* * *

പരേതനായ മഹോന്നത ദിവ്യശ്രീ കർദിനാൾ ജിബ്ബൻസു തിരുമനസ്സിലെ "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" എന്ന പുസ്തകത്തിൻെറ ൧൨ ലക്ഷത്തിൽപരം പ്രതികൾ വില്ക്കപ്പെട്ടിട്ടുണ്ടെന്നും, അയ്യായിരത്തിലധികം പതിതർ അതുവഴി മനസ്സുതിരിഞ്ഞിട്ടുണ്ടെന്നും കാണുന്നു.

* * *

യോക്ക നഗരത്തിൽ കൂടിയ ആംഗ്ലിക്കൻ പ്രോട്ടസ്റ്റൻറു മെത്രാന്മാരുടെ ഒരുസംഘത്തിൽവച്ചു സകല മരിച്ചവരുടെ ഓമ്മ കൊണ്ടാടുന്ന ദിവസം അവരുടെ പഞ്ചാംഗത്തിലും ചേത്തു ആഘോഷിക്കേണ്ടതാണെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. ക്രമേണ നേർവഴിയിലേക്കു തിരിഞ്ഞുവരുന്നതു ആശ്വാസപ്രദം തന്നെ.

* * *

അമ്മേരിക്കയിലുള്ള കൊളംബിയാ ജനാധിപത്യരാജ്യം, അതിൻെറ തലസ്ഥാന നഗരത്തിലുള്ള ഒരു ദേവാലയത്തിൽ വച്ചു പ്രസിഡണ്ടാദിയായ സകല പ്രധാന ഉദ്യോഗസ്ഥന്മാരും ചേന്നു ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. പോളണ്ടുരാജ്യത്തിൻെറ പ്രതിഷ്ഠയും ഈ അടുത്ത ദിവസങ്ങളിലാണു നടന്നതു്.

പുതുതായി മാനസാന്തരപ്പെട്ടു കത്തോലിക്കാ സഭയിൽ പ്രവേശിച്ചിട്ടുള്ള യൂദന്മാർ ഒരു തീർത്ഥയാത്രയായി റോമ്മായിലേക്കു പോകുന്നതിനും, ലോകത്തിലാകപ്പാടെ കത്തോലിക്കരായി തീന്നിട്ടുള്ള യൂദന്മാരുടെ പേരുകളടങ്ങിയ സുവർണ്ണരേഖാങ്കിതമായ ഒരു പുസ്തകം പരിശുദ്ധ പിതാവു തിരുമനസ്സിലേയ്ക്കു സമപ്പിക്കുന്നതിനും തിർച്ചപ്പെടുത്തിയിരിക്കുന്നു.

* * *

കേരളത്തിലെ നമ്മുടെ ഈഴവ സഹോദരന്മാർ ഹിന്ദുമതത്തിൻെറ അടിസ്ഥാനമില്ലായ്മ ദൈവാധീനത്താൽ ഇപ്പോഴെങ്കിലും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്. ഇനി അവർ നേരായ ഒരടിസ്ഥാനത്തിൽ ചെന്നല്ലാതെ നിലയ്ക്കുന്ന ഭാവം കാണുന്നില്ല. ക്രിസ്തീയ മതത്തിൻെറ അനിഷേധ്യമായ ദൈവികത്വം അവരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിട്ടുണ്ടു്. എന്നാൽ പല ക്രിസ്തീയ ശാഖകകളിൽ സാക്ഷാൽ അവതാര പുരുഷനായ ക്രിസ്തുവിൻെറ സ്ഥാപനം ഏതെന്നുള്ളതിനെപ്പററി അവർ സംശയിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ഏതായാലും പ്രാദേശികമായതോ, നാമധേയ ശ്രവണമാത്രത്തിൽതന്നെ ഒരു പ്രതിഷേധ കക്ഷിയെന്നു തെളിയുന്നതോ ആയ വല്ല ജനസഞ്ചയത്തിലും ഈ ദൈവിക സ്ഥാപനം അന്വേഷിക്കേണ്ടതല്ലെന്നു മനസ്സിലാക്കുന്നതിലേയ്ക്കു വേണ്ട പ്രതിഭാവിലാ

സം ഇന്നത്തെ ഈഴവ നേതാക്കന്മാര്‍ ഉണ്ടെന്നു ഇതേവരെയുള്ള അനുഭവംകൊണ്ടു തെളിയുന്നുണ്ട്. നേരായ മാര്‍ഗ്ഗം അചിരേണ അവര്‍ കണ്ടെത്തുന്നതിനുവേണ്ടി എല്ലാവരും അവര്‍ക്കായി പ്രാര്‍ത്ഥിപ്പാറാകണം.

* * *

യാക്കോബായ സഭയും പൊതുവെ ഇളകിത്തുടങ്ങിയിട്ടു കുറേക്കാലം കഴിഞ്ഞിരിക്കയാണല്ലൊ. എങ്കിലും ഇതേവരെ സുസ്ഥിരമായ ഒരു നിലയില്‍ എത്തിക്കാണാത്തതിനെക്കുറിച്ചു ക്രിസ്തുവിന്റെ സാക്ഷാലുള്ള അനുഗാമികള്‍ക്കേവര്‍ക്കും അനല്പമായ കണ്ണീരുമുണ്ടാകുന്നുണ്ട്. ആശ്വാസജനകങ്ങളായ ചില ആലോചനകള്‍ ചില സ്ഥലങ്ങളിലൊക്കെ നടന്നുവരുന്നതായി കേള്‍ക്കുന്നവയുടെ ശുഭപരിണാമത്തിനായിട്ടും നാം ഹൃദയപൂര്‍വ്വം ഇത്തരുണത്തില്‍ പ്രാര്‍ത്ഥിക്കേണ്ടിയിരിക്കുന്നു. ഹൃദയങ്ങളെ തിരിക്കുന്നതു ദൈവമാണെന്നും, ആകയാല്‍ ഏതദ്വിഷയങ്ങളില്‍ അതിസ്വാഭാവികങ്ങളായ മാര്‍ഗ്ഗങ്ങളെ സര്‍വ്വപ്രധാനമായി നാം കരുതേണ്ടതാണെന്നും എപ്പോഴും ഓര്‍ക്കേണ്ടതാണ്.

---

## മനോഗുണവിവരങ്ങള്‍.

൧. കഠിനമായ പനിപിടിപെട്ടു സമര്‍ത്ഥന്മാരായ വൈദ്യന്മാര്‍ പോലും എത്രയും വിഷമം തോന്നത്തക്ക പതനത്തിലെത്തിയ, എന്റെ പെങ്ങളുടെ സുഖക്കേടു ചെങ്ങളത്തു വി. അന്തോനീസിന്റെ മാദ്ധ്യസ്ഥംവഴിയായി ശമിച്ചിരിക്കുന്നു. വിവരം 'കുസുമ'ത്തില്‍ പരസ്യംചെയ്തുകൊള്ളാമെന്നു നേര്‍ന്നിരുന്നതാണ്. ഒരു ക. മണിയാര്‍ഡര്‍ചെയ്യുന്നു. പി. ജെ. മുട്ടുചിറ.

൨. എനിക്കു ഹൃദയസമാധാനം ഉണ്ടാകുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാരായ എന്റെ എല്ലാ സഹോദരന്മാരും കുസുമവായനക്കാരും എനിക്കുവേണ്ടി അപേക്ഷിപ്പാറാകണം. എ. കെ മണിമല.

൩. എന്റെ മകള്‍ ൧൪ വയസ്സുള്ള ഒരു പെണ്‍കുട്ടിയുടെ എടത്തുവശത്തു ഒരു നീരുണ്ടാകയും മൂന്നുമാസംവരെ വേണ്ട ചികിത്സകള്‍ ചെയ്തിട്ടും യാതൊരു ഗുണവും കാണാഴ്കയാല്‍ ചെങ്ങളത്തു വി. അന്തോനീസു പുണ്യവാന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതിനും സുഖം കിട്ടുന്നതായാല്‍ കുസുമത്തില്‍ പ്രസിദ്ധംചെയ്തുകൊള്ളാമെന്നും ഞാന്‍ നിശ്ചയിക്കയുംചെയ്തു. അവിടുത്തെ മാദ്ധ്യസ്ഥം വഴിയായി ഇപ്പോള്‍ പൂര്‍ണ്ണസുഖം പ്രാപിച്ചിരിക്കുന്നു.

കെ. വി. എ. പയപ്പാര്‍.

൪. എന്നെ ബാധിച്ചിരുന്ന ഒരു മഹാവ്യാധി നിമിത്തം മനസ്സമാധാനമെന്യേ കാലംകഴിക്കയില്‍ ചെങ്ങളത്തു എന്റെ നാമകാരണനായിരിക്കുന്ന വി. അന്തോനീസിന്റെ സഹായം അപേക്ഷിക്കയും വിവരം കുസുമത്തില്‍ പ്രസിദ്ധപ്പെടുത്താമെന്നു നേരുകയും ചെയ്തതനുസരിച്ചു എനിക്കു പൂര്‍ണ്ണസുഖം ലഭിച്ചിരിക്കുന്നു.

ജി. ഏ. കൊല്ലം.

൫. ഞാന്‍ മാതാവിന്റെ പക്കല്‍ അപേക്ഷിച്ചപ്പോള്‍ എനിക്കു ജോലികിട്ടി. ഇതാ ജോലിയില്‍ പ്രവേശിച്ചിരിക്കുന്നു. പരസ്യക്കൂലി പുറകെ അയക്കുന്നു.

ഡിസ്സൂസാ, മലാക്കാ.

൬. ഞങ്ങളുടെ ഒരു പശു കാണാതെ പോയിട്ടു ൩ മാസത്തിലധികമായി. തീരെ ഉപേക്ഷിച്ചതാണ്. ചെങ്ങളത്തു വി. അന്തോനീസിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും വിവരം കുസുമത്തില്‍ പ്രസിദ്ധം ചെയ്യുവാന്‍ നേരുകയുംചെയ്തു. ഇതു കഴിഞ്ഞു എട്ടുദിവസത്തിനകം പശുവിനെ കിട്ടി. വിവരംചേര്‍ത്ത പത്രം വി. പി. ആയി അയപ്പാനപേക്ഷ.

പി. വി. എം. തൃശ്ശൂര്‍.

---

## ചരമവാര്‍ത്തകള്‍.

കര്‍ത്താവില്‍ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകളുടെ ആത്മാനുകൂല്യാര്‍ത്ഥം കുസുമവായനക്കാര്‍ പ്രാര്‍ത്ഥിപ്പാറാകണം.

൧. കുത്യതോട്ടു പുത്തന്‍പള്ളി, തറയില്‍ ഫ്രഞ്ചു അവര്‍കളുടെ ഭാര്യയും, ടി. വക്കീകത്തനാരുടെ അമ്മയുമായ ശ്രീമതി മറിയം, ഏപ്രില്‍ ൨൮-ാംനു ൮൦-ാമത്തെവയസ്സില്‍. ൨. കുത്യതോട്ടു പുത്തന്‍പള്ളി, തറയില്‍ തോമ്മാ അവര്‍കളുടെ ഭാര്യ ശ്രീമതി അന്ന ഏപ്രില്‍ ൧൯-ാംനു ൭൦-ാമത്തെ വയസ്സില്‍.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .ബ　　　.൧൦൯൬　　　എപ്പകത്തി .൨൨

## ൧൯൨൧ ജൂൺ - ൧൦൯൬ ഇടവം - മിഥുനം.

| | | | | | |
|---|---|---|---|---|---|
| 1 | 19 | ബു | എം. ന. കു. വെ. | ... ... | വെ. |
| 2 | 20 | വ്യാ | എട്ടാ. ന. കു. വെ. | ... ... | വെ. |
| 3 | 21 | വെ | † ന. ക. തിരുഹൃദയ. ന. ആ. കു. വെ. തുമ്പോളി, പെരിങ്ങുഴ, രാമപുരം ഈ പള്ളികളിൽ ന. ക. തിരുഹൃദയത്തിരുനാൾ. | ... | വെ. |
| 4 | 22 | ശ | † മെൻ. പ്രംസി. കുറാക്കി. ന. ആ. കു. വെ. | ... | വെ. |
| 5 ◉ | 23 | ഞാ | ✠ പന്തക്കു. ൩-ാം ഞാ. (കന്യകമറി. തിരുഹൃ. വെ.) | ൮൨. ൭ .൩൦ | പ. |
| 6 | 24 | തി | † അ. മെൻ. നുബെൻതാ ന. ആ. കു. വെ. | ... | വെ. |
| 7 | 25 | ചൊ | † വേദ യോഹ. നെപ്പു. ന. ആ. കു. വെ. (മേ. ൧൩) | | വെ. |
| 8 | 26 | ബു | † മെൻ. പീലിപ്പോസുനേരി. ന. ആ. കു. വെ. (മേ. ൨൩) | | വെ. |
| 9 | 27 | വ്യാ | വേദ. പ്രീമോസും കൂട്ടരും ന. ആ. കു. വെ. | | ച്യു. |
| 10 | 28 | വെ | † രാജ്ഞി. മർഗ്ഗരീത്താ. ന. ആ. കു. വെ. | ... | വെ. |
| 11 | 29 | ശ | ബർന്നവാ ശ്ലീഹാ. ന. ആ. കു. വെ. | ... | ച്യു. |
| 12 | 30 | ഞാ | ✠ പന്തക്കു. ൪-ാം ന. കു. ആ. | .൭൩൦ .൯ .൨ | പ. |
| 13 | 31 | തി | മെൻ. അന്തോനി. പാദുവാ ന. ആ. കു. വെ. ചെങ്ങളം, വലിയതുറ, ഒളശ, കല്ലൂര്, പൈങ്ങാട്ടൂർ പാദുവാപള്ളി ഈ പള്ളികളിൽ വി. അന്തോനീസിൻെറ തിരുനാൾ. | | വെ. |
| 14 | 1 | ചൊ | അ. മെൻ. ബസ്സേലി. ന. ആ. കു. വെ. | | വെ. |
| 15 | 2 | ബു | വേദ വീത്തോസും കൂട്ട. ന. ആ കു. വെ. | | ച്യു. |
| 16 | 3 | വ്യാ | † മെൻ. യോഹ. പ്രംസി. ന. ആ. കു. വെ. | | വെ. |
| 17 | 4 | വെ | † ദീ. എലീശാ. ന. ആ. കു. വെ. (ഈ ൧൭) | | ച്യു. |
| 18 | 5 | ശ | വേ. മക്കോസും കൂട്ടരും. ന. ആ. കു. വെ. | | ച്യു. |
| 19 | 6 | ഞാ | ✠ പന്തക്കു. ൫-ാം ന. കു. ആ. ☞ അടുത്ത വ്യാഴം ഇറച്ചിവിലക്ക പള്ളിയിൽ വിളിച്ചുപറയണം. | ൧൨ .൦ .൩൦ | പ. |
| 20 ◑ | 7 | തി | പാ. വേ. സിൽവേസ്ത്രോസ്. ന. ആ. കു. വെ. | | ച്യു. |
| 21 | 8 | ചൊ | † മെൻ. ലൂയിസ് ഗൊൻസാഗാ. ന. ആ. കു. വെ. | | വെ. |
| 22 | 9 | ബു | അ. മെൻ. പൌളിനോ. ന. ആ. കു. വെ. | ... | വെ. |
| 23 | 10 | വ്യാ | യോഹന്നാൻ മാംദാനാ. പിറവി. ത. ന. ആ. കു. ത. (ഇ. വി.) | | റോ. |
| 24 | 11 | വെ | (✠) യോഹന്നാൻ മാംദാനാ. പിറവി. ന. ആ. കു. വെ. വടകരപ്പള്ളിയിൽ വി. യോഹന്നാൻമാംദാനാ പിറവിത്തിരുനാൾ. | | വെ. |
| 25 | 12 | ശ | † മെൻ. ഗുലിഎൽമൂസ്. ന. ആ. കു. വെ. | ... | വെ. |
| 26 | 13 | ഞാ | ✠ പന്തക്കു. ൬-ാം ന. കു. ആ. ☞ അടുത്ത ചൊവ്വാ ഇ. വി. ബുധൻ കടം പള്ളിയിൽ അറിയിക്കണം. | .൮൨ . ൯ .൨ | പ. |
| 27 | 14 | തി | † യോഹ. എം. ന. ആ. കു. വെ. | ... ... | വെ. |
| 28 | 15 | ചൊ | ശ്ലീ. പത്രോ. പൌലോ. ത. ന. ആ. കു. ത. (ഇ. വി.) | | റോ. |
| 29 | 16 | ബു | ✠ ശ്ലീ. പത്രോസ്. പൌലോസ്. ന. കു. വെ. ചേപ്പുങ്കൽ, അരിക്കുഴ, ഈ പള്ളികളിൽ പ്രധാന തിരുനാൾ. | | ച്യു. |
| 30 | 17 | വ്യാ | ശ്ലീ. പൌലോസ്. ന. ആ. കു. വെ. | | ച്യു. |

Printed and Published for the Proprietor by P. K. Joseph, at St. Joseph's Press, Mannanam, 1921

'കമ്മെലകുസുമ' ഗ്രന്ഥാവലി വകയ്ക്കു

വരിപ്പണമായും മററും മുൻക്കൂർ പണം അടച്ചു സഹായിക്കുന്നവരുടെ

## പേരുവിവരം.

| | രൂ. | ച. | കാ. |
|---|---|---|---|
| ദിവ്യശ്രീ. പുന്നത്ര വലിയപള്ളിയുടെ വികാരി മാപ്പളേട്ടു ബ. തോമ്മാ അച്ചൻ. | ൨ | ൧൪ | ൮ |
| ,, പൊാറേടത്തു ബ. യോഹന്നാനച്ചൻ | ൨ | ൧൪ | ൮ |
| ,, കളപ്പുരയ്ക്കൽ ബ. അന്ത്രയോസച്ചൻ | ൧ | ,, | ,, |
| ,, പീടിയേക്കൽ ബ. കൊച്ചേപ്പച്ചൻ. | ൧ | ,, | ,, |
| ,, ആലഞ്ചേരിൽ ബ. ഗീവറുഗീസച്ചൻ. | ൧ | ,, | ,, |
| മ. രാ. രാ. കുറുപ്പത്തു ജേക്കബ് അവർകൾ. | ൧ | ,, | ,, |
| ,, വട്ടക്കാട്ടുശ്ശേരി വക്കി ജോസഫ് അവർകൾ. | ൧ | ,, | ,, |
| ,, കെ. പി. ജോർജ്ജ്, കൺട്രാക്ടർ. ,, | ൧ | ,, | ,, |
| ,, എം. സി. കുര്യൻ. മുൻസിഫകോടതി വക്കീൽ പാലാ. | ൧ | ,, | ,, |

(തുടരും.)

---

## കർമ്മെലകുസുമഗ്രന്ഥാവലി.

നമ്പർ.

1. "യാക്കോബായ സഭ." (ഫാദർ ബെർണ്ണാർഡ് സി. ഡി. എഴുതിയതു്.)
2. "ദേവമാതാവിൻെറ വണക്കമാസപ്പാട്ടുകൾ." (ഫാദർ സൈമൺ സി. ഡി. എഴുതിയതു്.)
3. "പ്രോട്ടസ്റ്റൻറു മതവും വേദപുസ്തകവും." (ഫാദർ തോമസ് മണ്ണൂരഞ്ചേരി എഴുതിയതു്.)

ഒന്നേമുക്കാലണയ്ക്കു തപാൽ സ്റ്റാമ്പോ, രണ്ടേമുക്കാൽ ചക്രത്തിനു അഞ്ചൽ സ്റ്റാമ്പോ അയച്ചു ആവശ്യപ്പെടുന്നവക്കു ഓരോ പുസ്തകവും കൂലിതീത്തു അയച്ചുകൊടുക്കുന്നതാണു്. ഒരു പുസ്തകം മാത്രമായിട്ടു വി. പി. അയച്ചുകൊടുക്കുന്നതല്ല. ഒരു രൂപായിക്കു ഒന്നിച്ചെടുക്കുന്നവക്കു ൧൩ പുസ്തകം.

ഒരു രൂപാ മുൻക്കൂറടയ്ക്കുന്നവക്കു ആ വിലയ്ക്കുള്ള പുസ്തകങ്ങൾ ഓരോ നമ്പരിൽനിന്നും ഓരോന്നു വീതം, പ്രസിദ്ധപ്പെടുത്തിയാലുടൻ അയച്ചുകൊടുക്കും. ആ വിധത്തിലുള്ള സഹായം നമ്മുടെ ഗ്രന്ഥാവലിക്കു പ്രത്യേകം അപേക്ഷിതമാണെന്നുള്ള വിവരം മാന്യജനങ്ങളെ സാദരം അറിയിച്ചുകൊള്ളുന്നു.

മാനേജർ, കർമ്മെലകുസുമം മാന്നാനം.

---


## THE SENTINEL OF THE BLESSED SACRAMENT.

A periodical devoted to the honour of the Holy Eucharist. Published every month by the Fathers of the Blessed Sacrament. Finely illustrated, worth reading. Over 800 pages of excellent reading matter every year. Subscription 2 Dollars 25 Cents per Annum.

"If the blessed Sacrament were better known, earth would be bright and Heaven nearer." F. Faber.

The Sentinel Press,

185 East 76th Street, New york, U. S. A.

Registered No. M. 365. No: T. 5.

# ഒരു പുതിയ ലേലച്ചിട്ടി.

1096 ഇടവം 31-ന് 1921 ജൂൺ 13-ാംനു- ആരംഭിച്ച്
ആണ്ടിൽ രണ്ടു വീതം നടത്തി 10 വൎഷം കൊണ്ടവസാനിക്കും.

## മുതൽ രൂപാ നാല്പത്തീരായിരം.

| ചിട്ടിയിലെ വിഭാഗങ്ങൾ . . | ഏ. | ബി. | സി. |
|---|---|---|---|
| ഒരു നമ്പരിനു രസീതിൽ പതിച്ചുകിട്ടുന്ന മുതൽ രൂപ | 100. | 50. | 25 |
| ടി. ക്കു പലിശവീതം നീക്കി രൊക്കം വെക്കേണ്ടിവരുന്ന ഉദ്ദേശത്തുക. | 60. | 30. | 15 |
| 21 നമ്പരുള്ള ഒരു ചിട്ടിക്കു ലേലം ചെയ്യുന്ന ആകെ മുതൽ | 2100. | 1050. | 525 |

ചിട്ടിയിൽ ചേരണമെന്നുള്ളവർ, ചിട്ടിഫാൎമ്സ് ഉടൻ ആവശ്യപ്പെട്ടു വാങ്ങി അതിന്റെ രണ്ടു പ്രതികളിൽ സാക്ഷിവെച്ച് ഒപ്പിട്ട് ഈ ഇടവം 25-ാംനു-ക്കുമുമ്പ് ഇവിടെ അയച്ചുതരണം. ഇടവം 31-ാംനു- തിങ്കളാഴ്ചതന്നെ

## റജിസ്റ്റർ ചെയ്ത ചിട്ടി ആരംഭിക്കുന്നതാണ്.

### അവധി ഒന്നുകൊണ്ടും ഭേദപ്പെടുത്തുന്നതല്ല.

തലയാളന്മാരുടെ സ്വത്തുക്കളെല്ലാം ചിട്ടിക്കുറപ്പായിരിക്കും. ഒന്നാം പേരുകാരൻ പല ചിട്ടികൾ നടത്തി നല്ല പരിചയംസിദ്ധിച്ചിട്ടുള്ള ആളാകയാൽ പല ദേശങ്ങളിൽനിന്നു പഴയ ചിററാളന്മാരും അവരു നിമിത്തം മററു വളരെപ്പേരും ചിട്ടിയിൽ ചേൎന്നു നാൾതോറും തുക വൎദ്ധിച്ചുവരുന്നു. അതുകൊണ്ടു ചിട്ടിഫാൎമ്സ് ഉടനെ വാങ്ങി ഒപ്പിട്ടയക്കേണ്ടതാണ്. അല്ലെങ്കിൽ ഈ ചിട്ടിയിൽ ചേരാൻ സാധിക്കാതെവന്നേക്കാം. ഫാൎമ്സ് ഇങ്ങോട്ടയക്കുന്നതിനോടുകൂടി ഏ. ഒരു നമ്പരിനു നാലു രൂപയും, ബി. ഒന്നിനു രണ്ടു രൂപയും, സീക്ക് ഒരു രൂപയും വീതം അഡ്വാൻസ്കൂടി അയയ്ക്കേണ്ടതും ഈ സംഖ്യ ആദ്യ ചിട്ടിക്കുതന്നെ ചിട്ടിയിൽ വകവെച്ചു മുറയ്ക്കുള്ള ചിട്ടിരസീതു കൊടുക്കുന്നതുമാകുന്നു.

## ചിററാളന്മാൎക്കുള്ള ചില സൌകൎയ്യങ്ങൾ.

1. മാസംതോറും മിച്ചമുണ്ടാകുന്ന ചില്ലറത്തുകകൾ അയച്ചുതന്നാൽ ഇവിടെ സ്വീകരിച്ചു പ്രത്യേക രസീതും, ഇങ്ങനെ വരുന്ന സംഖ്യകൾ അരവീതം പലിശയോടുകൂടി ചിട്ടിദിവസം ചിട്ടിയിൽ മുതൽവെച്ചു ചിട്ടിരസീതും കൊടുക്കുന്നതാകുന്നു.

2. ദൂരസ്ഥന്മാരുടെ കത്തനുസരിച്ചു തലയാളർതന്നെ അവരുടെ പേൎക്കു ചിട്ടി ലേലം പിടിച്ചു കൊടുക്കും.

3. വസ്തുവുറപ്പുതരാൻ കഴിവില്ലാത്തവർ ആൾ ജാമ്യംതന്നാൽ മതിയാകുന്നതും അതിനും കഴിവില്ലാത്തവർ ഒരു പ്രത്യേക പ്രമാണപ്രകാരം ആ വകപ്പണം ഞങ്ങളെ ഏല്പിച്ചാൽ അരേഅരയ്ക്കാൽ പലിശവീതം ചിട്ടിമുറയ്ക്കു എടുത്തു ചിട്ടിക്കു വയ്ക്കുന്നതും ശിഷ്ടം പണംമാത്രം അവർ അടച്ചാൽ മതിയാകുന്നതും എപ്പോൾ ഉറപ്പുതരാൻ അവൎക്കു കഴിയുന്നുവോ അപ്പോൾ കണക്കുതീൎത്തു മുതൽ പററിക്കൊള്ളാവുന്നതുമാകുന്നു.

4. മാസംതോറും ഇത്ര രൂപയ്ക്കു രസീതു വി. പി. അയച്ച് ആറാം മാസത്തിൽ ആകെത്തുക വസൂൽ ചെയ്തുകൊള്ളണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടാൽ അങ്ങനെയും ചെയ്യാവുന്നതാണ്.

5. ചിട്ടിയിൽ ചേരുന്നവരാവശ്യപ്പെട്ടാൽ പ്രത്യേക കരാറിന്മേൽ പണം കടംകൊടുക്കുന്നതാകുന്നു,

പി. കെ. കൊച്ചീപ്പൻതരകൻ, മലയാളമനോരമ സൂപ്രണ്ടു, കോട്ടയം.
കുന്നുകുഴിയിൽ കെ. തോമസ് ബി. ഏ. ബി. എൽ. വക്കീൽ, ,,
പോളച്ചിറയ്ക്കൽ കെ. മാമ്മൻതരകൻ ബി. ഏ ബി. എൽ. വക്കീൽ ,,